# പ്രസന്നകേരളം

വി. ടി. ഇന്ദുചൂഡൻ

## പത്രലോകത്തിലെ

## കള്ളച്ചരക്കുകൾ

രംഗം:—കേരളത്തിലെ ഒരു ദിനപ്പത്രമാപ്പീസ്. പത്രാധിപർ അന്നത്തെ റോയിട്ടർ—എ. പി. ഐ. കമ്പിസന്ദേശങ്ങൾ വായിച്ചുകൊണ്ടിരിക്കയാണ്. പെട്ടെന്ന് അവയിലൊന്ന് അദ്ദേഹത്തിൻെറ ശ്രദ്ധയെ ആകർഷിച്ചതുപോലെ തോന്നുന്നു. ആ സന്ദേശം ഇങ്ങനെയായിരുന്നു.

"കാശ്മീർ അതിർത്തിയിൽ റഷ്യൻപട കേന്ദ്രീകരിച്ചിരിക്കുന്നതായി പറയപ്പെടുന്നു. അധികൃതവൃത്തങ്ങളുമായി അടുത്തു ബന്ധമുള്ള ഒരു ഉയന്ന ഉദ്യോഗസ്ഥനിൽനിന്ന് വിശ്വാസയോഗ്യമായി കിട്ടിയ വിവരമാണിതു്........"

പത്രാധിപർ ചിന്താമഗ്നനായി ഇരിക്കുന്നു. ആകെ അഞ്ചെട്ടു വരികൾ മാത്രമുള്ള ഒരു സന്ദേശം; പക്ഷെ അത്യന്തം പ്രാധാന്യമുള്ള ഒരു വാർത്താശകലമായിട്ടാണ് അദ്ദേഹം അതിനെ ഗണിച്ചതു്. 'കാശ്മീർ അതിർത്തിയിൽ റഷ്യൻ പട്ടാളം' അദ്ദേഹം പിറുപിറുത്തു. എന്തെല്ലാം സംഭവിച്ചുകൂടാ! റഷ്യ ഇന്ത്യയെ ആക്രമിക്കുന്നതിനുള്ള ആരംഭമായിരിക്കുമോ?

ബ്രിട്ടനും അമേരിക്കയും റഷ്യയും തമ്മിലുള്ള ബന്ധം അടുത്ത കുറെ മാസങ്ങളായി മോശപ്പെട്ടു വരികയാണല്ലോ. ഒരു മൂന്നാം ലോകമഹായുദ്ധം! ..

"കാശ്മീരിൻെറ അതിർത്തിയിൽ റഷ്യൻസേന താവളമുറപ്പിച്ചിരിക്കുന്നു എന്ന വാർത്ത ഏററവും വലിയ ഒരു ആപൽസൂചനയാണ്" പത്രാധിപർ ഒരു മുഖപ്രസംഗം എഴുതാൻ തുടങ്ങുന്നു; "ആറുകൊല്ലം നീണ്ടുനിന്ന ഒരു ഭയങ്കരയുദ്ധത്തിൻെറ ദുരിതങ്ങളിൽനിന്നു മനുഷ്യസമുദായം ഇനിയും കരകയറിക്കഴിഞ്ഞിട്ടില്ല. അതിനു് മുമ്പു് റഷ്യയുടെ സാമ്രാജ്യദുർമ്മോഹം ലോകത്തെ വീണ്ടും ഒരു സമരത്തിലേക്കു വലിച്ചിഴയ്ക്കുകയാണ്....:"

"കാശ്മീർ അതിർത്തിയിൽ റഷ്യൻപട" എന്നു് വെണ്ടക്ക അക്ഷരത്തിൽ അഞ്ചാറുകോളം നീണ്ടുകിടക്കുന്ന തലവാചകത്തോടും തീപ്പൊരി പറക്കുന്ന മുഖപ്രസംഗത്തോടുംകൂടി പിറേറന്നു പത്രം പുറത്തിറങ്ങുന്നു.

അപ്പോഴേയ്ക്കും എത്തുകയായി എ. പി. ഐ-യുടെ മറെറാരു സന്ദേശം:- കാശ്മീരിൻെറ തൊട്ടു റഷ്യൻസേനയുണ്ടെന്ന റിപ്പോർട്ടു അടിസ്ഥാനരഹിതമാണെന്നു് ഇന്ത്യാ ഗവർമ്മെണ്ടു ഇന്നു പുറപ്പെടുവിച്ച ഒരു കമ്യൂണിക്കേയിൽ ചൂണ്ടിക്കാണിക്കുന്നു.

ഇതു് കണ്ടതോടെ പത്രാധിപർ തലേനാളത്തെ മുഖപ്രസംഗവും സർവ്വദേശീയ സ്ഥിതിഗതികളെപ്പററിയുള്ള തൻെറതത്വചിന്തയും മെല്ലെ ചവററുകൊട്ടയിൽ പൂഴ്ത്തുന്നു. മൂപ്പരുടെ അപ്പോഴത്തെ ഇരുപ്പ് കണ്ടാൽതോന്നും ഇങ്ങിനെയൊന്നു് നടന്നതായിതാൻ അറിഞ്ഞിട്ടേയില്ലെന്നു്.

നമ്മുടെചില പത്രമാഫീസുകളിൽ പലപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്ന ഭോഷ്ക്കുകളുടെ ഒരു സാമ്പിൾ മാത്രമാണിതു്. ഒരു സംഭവത്തെക്കുറിച്ചുള്ള സന്ദേശംകിട്ടിയാൽ അതിൻെറ പൂർവചരിത്രമെന്താണ്, അതു എത്രത്തോളം വിശ്വാസയോഗ്യമാണ് എന്നു് പരിശോധിക്കാൻ കാത്തുനിൽക്കാതെ, കേട്ടപാതികേൾക്കാത്തപാതി, തട്ടിമൂളിച്ചാൽ പത്രപ്രവർത്തകന്മാർക്കുള്ള അനുഭവം ഇതായിരിക്കും.

റോയിററർ, എ. പി. ഐ; വാർത്താസർവീസുമായിബന്ധമുള്ള എല്ലാപത്രമാഫീസുകളിലും മേൽപ്പറഞ്ഞ സന്ദേശം (സെപ്തംബർ 13-ാംനു-യോ 15-ാംനു-യോ) ലഭിച്ചിരിക്കും. മനസ്സിരുത്തി പരിശോധിക്കാൻ ക്ഷമയുണ്ടായിരുന്നെങ്കിൽ അത് പച്ചക്കളവാണെന്നും ചവററുകൊട്ടയ്ക്കു തീററകൊടുക്കാൻ മാത്രമെ ഉപകരിക്കുകയുള്ളുവെന്നും, ഇന്ത്യാഗവർമ്മെണ്ടിൻെറ ഒരു കമ്മ്യൂണിക്കയുടെ സഹായം കൂടാതെതന്നെ കണ്ടുപിടിക്കാമായിരുന്നു.

കാശ്മീരിൽ റഷ്യൻചാരന്മാർപ്രവർത്തനം നടത്തുന്നുണ്ടു്. ഈയ്യിടെനടന്ന "ക്വിററ് കാശ്മീർ" പ്രസ്ഥാനത്തിൻെറ പിന്നിൽ റഷ്യൻ 5-ാംപത്തികളുണ്ടു്—എന്നുംമററുമുള്ള ഒരു പുക കാശ്മീർഗവർമ്മെണ്ടു് പരത്തിവിട്ടിരുന്നു ഉത്തരവാദപ്പെട്ട ദേശീയനേതാക്കന്മാർ ഈ ആരോപണത്തെ നിഷേധിച്ചിട്ടുണ്ടു്. കാശ്മീരിൽ റഷ്യൻചാരന്മാരുണ്ടെന്നു പറയുന്നതു് വെറും കള്ളത്തരമാണെന്നും ജനങ്ങളുടെ ന്യായമായ പ്രക്ഷോഭണത്തെ അടിച്ചമർത്താൻവേണ്ടി ഭരണാധികാരികൾ ഉപയോഗിക്കുന്ന ഒരു പ്രചരണായുധം മാത്രമാണെന്നും നാഷണൽകാൺഫ്രൻസിൻെറആക്ടിങ്ങ് പ്രസിഡണ്ടു് ബക്ഷിഗുലാംമഹമ്മദ് ചൂണ്ടിക്കാണിക്കയുണ്ടായി (ഇന്നത്തെ കാശ്മീർ ബോംബെ സംസ്ഥാനകാൺഗ്രസ്സ് കമ്മററി പ്രസിദ്ധീകരണം.) പണ്ഡിതനെഹറുതന്നെ ഇത്തരത്തിലൊരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ടു്.

കാശ്മീരിലെ വാർത്താ ഏജൻസികളാവട്ടെ, ഗവർമ്മെണ്ടിനെ ആശ്രയിച്ചുകഴിയുന്നവരും, ഗവർമ്മെണ്ടിൻെറ ആശയങ്ങൾമാത്രം പ്രചരിപ്പിക്കുന്നവയുമാണ്. ഇന്ത്യയിലെ ഒരു പ്രമുഖ പത്ര പ്രവർത്തകനായ അഹമ്മദ് അബ്ബാസ് എഴുതിയിരിക്കുന്നതു നോക്കു!

"യുണൈററഡ് പ്രസ് ഓഫ് ഇന്ത്യക്ക് കാശ്മീർഗവർമ്മെണ്ടിൽനിന്നു ധനസഹായം കിട്ടുന്നുണ്ടു്. അതിൻെറ ലേഖകൻ കാക്കിൻെറ (കാശ്മീർദിവാൻ) സ്വന്തം ആളാണ്. എ. പി. ഐ. ഗവർമ്മെണ്ടിൻെറ സംരക്ഷണംകിട്ടാൻ അശ്രാന്തപരിശ്രമംനടത്തിക്കൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണ്." (ആഗസ്റ്റ് 3-ാംനു-ത്തെ ബ്ലീററ്സ്.)

ഈ പശ്ചാത്തലത്തിൽ നോക്കിയിരുന്നെങ്കിൽ റഷ്യൻസേനയെക്കുറിച്ചുള്ള സന്ദേശം വെറുംകെട്ടുകഥയാണെന്നും "അവൻെറ യജമാനൻെറശബ്ദം" മാത്രമാണെന്നും അറിയാൻ വലിയബുദ്ധിശക്തിയൊന്നും ആവശ്യമില്ല.

---

## വിഷയവിവരം


1 പത്രലോകത്തിലെകള്ളച്ചരക്കുകൾ വി. ടി. ഇന്ദുചൂഡൻ
2. നിർഭാഗ്യത്തിൻെറസന്തതി - പി. ഏ. ഏ. ഖാദർ
3 ഏ. ബാലകൃഷ്ണപിള്ളയിലേക്കുള്ള തീർത്ഥയാത്ര - വി.വി.കെ.വാലത്തു്
4. എൻെറ ഇന്ത്യൻപര്യടനം - വിവ. ശങ്കരൻകുട്ടിവാര്യർ
5. മലയാളത്തിൽ സിനിമ- പി. ഏ. പരമേശ്വരൻനായർ


---


## പ്രസന്നകേരളം

ദേശീയവാരിക

പുസ്തകം 18. (13-10-46) ലക്കം 23

പന്ത്രണ്ടുപേജ് വില രണ്ടണ

പത്രാധിപർ. സി. ജെ തോമസ്

റോയിട്ടറും അതുപോലെയുള്ള മററു വാർത്താഏജൻസികളും പ്രഖ്യാപിക്കാറുണ്ട് തങ്ങൾ കക്ഷികളുടേയും ഗവർമ്മെൻറുകളുടേയും ബന്ധങ്ങളിൽനിന്ന് സ്വതന്ത്രരാണെന്ന്.

വിശ്വാസ്യവും നിർമ്മലവുമായ ഒരു വാർത്താസർവീസ് ഏർപ്പെടുത്തുന്നതിൽ പൂർണ്ണമായ സത്യസന്ധത പാലിക്കലാണ് റോയിട്ടരുടെ ലക്ഷ്യം. ഞങ്ങൾ ബ്രിട്ടീഷുവാർത്ത പ്രചരിപ്പിക്കുന്നവരല്ല. വാർത്ത ബ്രിട്ടീഷോ, അമേരിക്കനോ ആവുന്നതെങ്ങിനെ? അതു് ഒരു സാർവലൌകികച്ചരക്കാണ്—എന്നാണ് റോയിട്ടരുടെ ജനറൽ മാനേജർ മി. ചാൻസലർ പറയുന്നതു്.

പക്ഷെ, റോയിട്ടരുടെ നിഷ്പക്ഷതയും സത്യസന്ധതയും വാക്കിൽമാത്രമേയുള്ളു; പ്രവർത്തിയിൽ കാണാറില്ല. ഈയ്യിടെ ലണ്ടനിൽക്കൂടിയ സാമ്രാജ്യപത്രസമ്മേളനത്തിൽ ഇന്ത്യൻ പ്രതിനിധിയായി പോയിരുന്ന അമൃതബസ്സാർ പത്രികയുടെ പത്രാധിപർ ശ്രീ. തുഷാർകാന്തിഘോഷ് ഇങ്ങനെ പറയുകയുണ്ടായി. "ബ്രിട്ടനിലെ സാമാന്യജനങ്ങൾക്കിടയിൽ ഇന്ത്യയെപ്പററി തെററിദ്ധാരണകൾ പരക്കാൻ കാരണം ഇന്ത്യൻവാർത്തയും ഇന്ത്യയുടെ അഭിപ്രായങ്ങളും ബ്രിട്ടീഷ് പത്രലോകം പൂഴ്ത്തിവെക്കുന്നതുകൊണ്ടാണ്. ഇന്ത്യയിൽ നിന്നു് അയക്കുന്ന ലേഖനങ്ങളാവട്ടെ അപൂർണ്ണവും പക്ഷപാതപരവുമാണ്."

(ഹിന്ദു. ടൈം സെപ്തമ്പർ 24.)

ഇന്ത്യയിൽ നിന്നു് സന്ദേശങ്ങൾ അയക്കാറുള്ള റോയിട്ടർ ഇതിനെപ്പററി എന്തു പറയുന്നുവെന്നറിവില്ല. പക്ഷെ യാഥാർത്ഥ്യമെന്തെന്നാൽ ബ്രിട്ടീഷ് ഭരണാധികാരികളുടെ താൽപ്പര്യത്തിൽ നിന്നു വിഭിന്നമല്ല റോയിററുടേതും. അനേകലക്ഷം പവൻ മൂലധനമിറക്കി നടത്തുന്ന ഒരു കമ്പനിയാണ് റോയിററർ സർവ്വീസ്. ബ്രിട്ടനിലും ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ള എല്ലാ രാജ്യങ്ങളിലും അനിഷേധ്യമായ സ്ഥാനമാണ് റോയിററർക്കുള്ളതു്. യുദ്ധത്തിനു മുമ്പ് 'ഫ്രഞ്ച്' ഹാവാസ് ഏജൻസിയൊന്നിച്ച് റോയിററർ ഒരു കൂട്ടുകച്ചവടം നടത്തിയിരുന്നു. അന്നു് യൂറോപ്പിലും ഏഷ്യയിലും ആഫ്രിക്കയിലും അതിനോടു മത്സരിക്കാൻ മററാരും ഉണ്ടായിരുന്നില്ല. ബ്രിട്ടീഷ് സാമ്രാജ്യ താല്പര്യങ്ങൾ നിലനിർത്തുന്നതിൽ റോയിററും അതിൻെറ പങ്ക് നിർവഹിക്കുന്നു. സാമ്രാജ്യനയം പ്രചരിപ്പിക്കുമ്പോൾ റോയിററർ സത്യത്തിനും മര്യാദയ്ക്കും മററും രണ്ടാം സ്ഥാനമേ നൽകാറുള്ളു.

റഷ്യൻ നിയന്ത്രണത്തിലുള്ള കിഴക്കൻ ജർമ്മനിയിൽ നിന്നു് 10 ലക്ഷം ജർമ്മൻകാരെ ബഹിഷ്കരിക്കാൻ പോകുന്നുവെന്നൊരു വാർത്ത 1935 നവമ്പർ 4-ാംതീയതി റോയിററർ പ്രചരിപ്പിക്കയുണ്ടായി. ഇതു കിട്ടിയ ഉടനെ ബ്രിട്ടീഷ് പത്രങ്ങൾ മുഖപ്രസംഗങ്ങൾ എഴുതി. കോമൺസ് സഭയിൽ പലർ ചോദ്യങ്ങൾ ചോദിച്ചു. ഇംഗ്ലണ്ടിൽ വലിയ ബഹളമായി. അനേകലക്ഷം ജർമ്മൻ അഭയാർത്ഥികൾ കെട്ടും ഭാണ്ഡവും പേറി പടിഞ്ഞാറോട്ടുള്ള റോഡിൽക്കൂടി നടന്നുവരുന്നതു് കാണാൻ എല്ലാവരും കാത്തിരുന്നു. പക്ഷെ നിശ്ചിതദിവസം കഴിഞ്ഞിട്ടും യാതൊന്നും സംഭവിച്ചില്ല. നവമ്പർ 5-ാംതീയതി ഒരൊററ ജർമ്മൻകാരനെപോലും (സോവിയററു് അധികൃതന്മാർ പുറത്താക്കിയില്ല.)

സത്യമേ പറയൂ എന്നു് പ്രഖ്യാപിക്കാറുള്ള റോയിററർ പരുങ്ങി, നാട്ടുകാരോടു് എന്തെങ്കിലും കാരണം പറയണ്ടേ? ഉടനെ ജർമ്മനിയിലെ റോയിററർ ലേഖകൻ ഇങ്ങിനെ കമ്പിയടിച്ചു:—"റഷ്യാക്കാർ ആ ഓർഡർ പിൻവലിച്ചു എന്നാണു് തോന്നുന്നതു്."

ഇതും തെററാണെന്നു പിന്നീടു തെളിഞ്ഞു. അങ്ങിനെയൊരു ഓർഡർ തന്നെ സോവിയററു ഗവമ്മെണ്ടു് പുറപ്പെടുവിച്ചിട്ടില്ലെന്നു വ്യക്തമായി. എന്തോ തെററിദ്ധാരണയുണ്ടായിട്ടുണ്ടെന്നും മററും ബെർലിനിലെ റോയിററർ പ്രതിനിധി പിറുപിറുത്തു. കാര്യങ്ങൾ ഈ നിലയിലെത്തിയപ്പോൾ റോയിററർ ഇങ്ങിനെ ക്ഷമാപണം ചെയ്തു:—

"ഒരു ജില്ലാ ഉദ്യോഗസ്ഥൻെറ അനധികൃതമായ പ്രവർത്തിയും ബെർലിൻ റേഡിയോവിൽ നിന്നുണ്ടായ ഒരു പ്രക്ഷേപണത്തിൻെറ പരിഭാഷ ഒരു പത്രത്തിൽ തെററിക്കൊടുത്തിരുന്നതും രണ്ടുംകൂടിയാണ് ഈ പിശകിനു് കാരണമാക്കിയതു്"

റോയിററരുടെ സന്ദേശത്തിനു ആസ്പദമെന്നു പറയുന്ന ആ റിപ്പോർട്ടു് പരസ്യംചെയ്തിരുന്ന പത്രം ഏതാണെന്നോ! ബ്രിട്ടീഷ് സൈനികവകുപ്പിൻെറ ജിഹ്വയായ "ബെർലീനർ" (ന്യൂടൈംസ്-മോസ്ക്കൊ 1945 ഡിസംബർ 1; പെയിജ് 6)

ബ്രിട്ടീഷ് അമേരിക്കൻ സാമ്രാജ്യ നേതാക്കൾ ഇന്നു് റഷ്യയുമമായി ഒരു മൂന്നാം ലോകമഹായുദ്ധമുണ്ടാകുമെന്നു ആശിക്കയും പ്രതീക്ഷിക്കയും ചെയ്തുകൊണ്ടിരിക്കയാണല്ലൊ. ഇവരുടെ ഉത്തമ ശിഷ്യന്മാരെന്നനിലയിൽ യുദ്ധത്തിനുള്ള അന്തരീക്ഷം സൃഷ്ടിക്കാനുള്ള പ്രവർത്തിയാണ് റോയിററും മററും നിർവഹിക്കുന്നതു്. റഷ്യൻനിരോധവാർത്തകൾ ഇത്ര സുലഭമാകാൻ കാരണമിതാണ്.

### അമേരിക്കയിൽ

'ഇൻഫാക്റ്റ്' (വാസ്തവംപറഞ്ഞാൽ) എന്നൊരുപത്രം നടത്തുന്നുണ്ട്. വാർത്താഏജൻസികളും സ്ഥാപിതതാല്പര്യക്കാരായ മററു പത്രങ്ങളും അച്ചടിച്ചുവിടുന്ന കളവുകൾ തുറന്നുകാട്ടുകയാണ് ഇതിൻെറ പ്രവർത്തി.

യാതൊരു മനസാക്ഷിയും കൂടാതെ വർത്തമാനങ്ങൾ പൂഴ്ത്തുക, ഭേദപ്പെടുത്തുക, ഇല്ലാത്തതു ഉണ്ടാക്കുക എന്നിവചെയ്യുന്നകാര്യത്തിൽ അമേരിക്കൻവാർത്താഏജൻസികളും ഒട്ടും പിന്നിലല്ല. കോടീശ്വരന്മാരാണ് ഈ സർവീസുകൾ നടത്തുന്നതു്. അസോസ്യേററഡ് പ്രസ്സ് ഓഫ് അമേരിക്ക 285,000 നാഴിക ടെലഗ്രാഫ് കമ്പികൾ പാട്ടത്തിനെടുത്തിട്ടുണ്ടു്. 10,000,000 ഡോളറാണു് ഇതു് കൊല്ലംതോറും കൊടുത്തുവരുന്ന നികുതി. വിപുലമായ സാമ്പത്തിക സാദ്ധ്യതകളുള്ള ഈ ഏജൻസികളോടു് മത്സരിക്കുക എന്നതു് അസാദ്ധ്യമാകയാൽ അവയ്ക്കു സ്വച്ഛന്ദം വിഹരിക്കുന്നതിനുള്ള അവസരമാണുള്ളതു്. ചരക്കിൻെറ ഗുണം ചോദ്യം ചെയ്യാൻ ആരുമില്ലെന്നർത്ഥം.

മററു ഏജൻസികൾ വാർത്താശേഖരണം നടത്തുന്നതിനെ തടസ്ഥപ്പെടുത്തുന്നു എന്നൊരു ചാർജ്ജ് അമേരിക്കൻ അസോസ്യേററഡ് പ്രസ്സിൻെറ പേരിൽ 1942ൽ അവിടത്തെ നീതിന്യായവകുപ്പ് കൊണ്ടുവന്നതു് പ്രത്യേകം സ്മരണീയമാണ്. അസോസിയേററഡ് പ്രസ്സിൻെറ കുത്തകസമ്പ്രദായം കൊണ്ടു് സ്വതന്ത്രമായ വാർത്താവിതരണം അപകടത്തിലാവുന്നുണ്ടെന്നു് 1943 ഒക്ടോബറിൽ കോടതി വിധിക്കയുമുണ്ടായി. (ന്യൂടൈംസ് 1945 ഡിസമ്പർ 1, പേജ് 6)

1945 ആഗസ്റ്റ് 15-ാംതീയതി മോസ്കോവിൽ വെച്ചു കൂടിയ ഒരു പത്രസമ്മേളനത്തിൽ ജനറൽ ഐസൻഹവർ ഇങ്ങിനെ പറഞ്ഞു: "നുണപറയുന്നവരേയും കുത്തിത്തിരുപ്പുകളുണ്ടാക്കുന്നവരേയും നമ്മെ വഴിതെററിക്കാൻ സമ്മതിക്കരുതു്. നമ്മുടെ യുക്തിയും വിവേകവും ഉപയോഗിക്കണമെന്നു മാത്രമേ ഞാൻ അഭിപ്രായപ്പെടുന്നുള്ളു." ഈ പ്രസംഗത്തെപ്പററി അസോസിയേററഡ് പ്രസ്സ് അയച്ച സന്ദേശങ്ങളിൽ 'നുണപറയുന്നവർ' എന്ന വാക്ക വെട്ടിക്കളഞ്ഞിരുന്നു. ('ഇൻഫാക്റ്റ്' 1946 ജൂലായ് 1 പേജ് 3.)

കഴിഞ്ഞകൊല്ലം ഒക്ടോബറിൽ അമേരിക്കൻ അസോസിയേററഡ് പ്രസ്സിൻെറ പോളിഷ് ലേഖകൻ റഷ്യയെപ്പററി ചില ഇമ്പാച്ചിക്കഥകൾ പറഞ്ഞു പരത്തുകയുണ്ടായി. പാരീസിലെ പത്രങ്ങളും മററും അതു് ഇങ്ങനെയാണ് കൊടുത്തിരുന്നതു്:—

"ഇന്നലെ മുതൽ പോളണ്ടു് ഒരു സോവിയററു് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കായി തീർന്നിരിക്കുന്നു. വാർസായിലും ക്രാക്കോവിലും മററു പതിനഞ്ചു നഗരങ്ങളിലും ചുകപ്പുകൊടി നാട്ടിക്കഴിഞ്ഞു."

ഐക്യരാഷ്ട്ര നിവാരണ സംഘം (അൺറ) പോളണ്ടിൽ സൂക്ഷിച്ചിരുന്ന ധാന്യം റഷ്യ പിടിച്ചെടുത്തു, കൃഷിക്കാരെ കൊള്ളയടിച്ചു എന്നും മററുമുള്ള റിപ്പോർട്ടുകളുമുണ്ടായിരുന്നു. ഈ അസംബന്ധങ്ങൾ അസഹനീയമായി തീർന്നിട്ടായിരിക്കണം ചിക്കാഗോ സൺ എന്ന പത്രത്തിൻെറ പോളിഷ് ലേഖകൻ ഇങ്ങിനെ എഴുതി!

പോളണ്ടിനുപുറത്തു് മാത്രമെ ഈ അപവാദങ്ങൾ കേൾക്കുന്നുള്ളു. പോളണ്ടിനകത്തു് റഷ്യയുടെഏററവും വലി

(ശേഷം 11-ാം പേജിൽ)

ആലപ്പുഴ പി. എ. ഏ. ഖാദർ

# നിർഭാഗ്യത്തിന്റെ സന്തതി

"ഹയ്യോ"

"ഹെന്റമ്മോ"

ആത്യന്തം നൊമ്പരനിർഭരമായവിളികൾ നീണ്ടുനീണ്ട തിരകൾ! ഇരുളിലാഴ്ന്ന ആപാതവാക്കിലെ പീടികത്തിണ്ണയിൽനിന്നും ഉയന്നു.

കൊടുങ്കാററു് അലറിക്കൊണ്ടു് പാഞ്ഞുകൊള്ളിയാൻമിന്നിപ്പൊലിഞ്ഞു. ലോകം ഭീകരമായ തമസ്സിൽ ആഴ്ന്നിരുന്നു.

"മരിച്ചാൽ മതിയായിരുന്നേ"

വീണ്ടും വേദനനിറഞ്ഞ ഒരു വിലാപം. ആ പാത വിജനമായിരുന്നു. ഭീകരാകാരംപൂണ്ടു് വാനിലേയ്ക്കു് ഉയന്നുനിൽക്കുന്ന കാററാടി വൃക്ഷങ്ങൾ കൊടുങ്കാററിൽ ആടി ഉലഞ്ഞു. പത്രങ്ങൾ ചൂളം വിളിച്ചുകൊണ്ടുമിരുന്നു.

"ഹയ്യോ!....ഹെന്റമ്മോ ...." ആ നിലവിളി വീണ്ടും ഉയന്നു. അനന്തരനിമിഷം അതു് ഉച്ചത്തിലായി. ശോകാത്മകത്വം നിറഞ്ഞൊഴുകി.

ആ നിലവിളിക്കുന്നതു് ഒരു സ്ത്രീയാണു്. ഒരുഭാണ്ഡം അവളുടെ തലയ്ക്കലായുണ്ടു്. ചില കീറത്തുണികളാണു് അവൾ ധരിച്ചിരിക്കുന്നതു്.

അവളുടെ ഉദരം വീർത്തിരുന്നു. ഗർഭിണിയാണവൾ. പൂർണ്ണ ഗർഭിണി!

പത്തുമാസം ചുമന്ന ഒരു ഭാരം അവൾ ഇറക്കുകയാണു്. ആ നിറവയർ ഒഴിയുകയാണു്. എങ്കിലും എന്തൊരു വേദന! സഹിക്കുവാൻനിവൃത്തിയില്ല.

"ഹയ്യോ!"

അവൾ നിലവിളിച്ചു.

ഇരിക്കുവാനും നിൽക്കുവാനും കിടക്കുവാനും നിവൃത്തിയില്ലാത്ത വേദന അത്യുഗ്രമായ യാതന!

എത്രനേരമായി ഇതാരംഭിച്ചിട്ടു്? മണിക്കൂറുകൾ എത്ര കഴിഞ്ഞു? സമയം ഇനിയും ആയില്ലേ? പ്രസവം ഇത്ര ഭയങ്കരമാണോ? എല്ലാ സ്ത്രീകളും ഇത്ര തീ തിന്നാറുണ്ടോ? നൊമ്പരം അനുഭവിക്കാറുണ്ടോ? എന്തൊരു വേദനയാണിതു്!

മരണം മരവിച്ച കരങ്ങളുമായിസമീപിക്കുന്നുവെന്നു് അവൾക്കു തോന്നി. ഒരു ജനനം നടക്കുകയാണു്. ജനനം........

ഒരു ശിശു പുറത്തേക്കു പോരുവാൻ വഴിതു് ആരായുകയാണു്. അതിനുവേണ്ടി വെമ്പുകയാണു്. അതിനു് അവളുടെ ശരീരം നിർദ്ദയം കുത്തിപിളർക്കുന്നു.

കൊടുങ്കാററു് ആ പീടികയെ പിടിച്ചു കുലുക്കി. വൃക്ഷങ്ങളെ ആട്ടി ഉലച്ചു ആ വിസ്മരിക്കപ്പെട്ട ജീവിതം വിളിച്ചു കേണു.

"ഹയ്യോ"

"ഹെന്റമ്മേ,,

കൊടുങ്കാററിന്റെ ഇരമ്പൽ ആ രോദനത്തെ വിഴുങ്ങിക്കളഞ്ഞു.

ചരിഞ്ഞും മറിഞ്ഞും തിരിഞ്ഞും അവൾ കിടന്നു. എങ്ങും വേദനതന്നെ. ഏപ്പുകൾതോറും, അസ്ഥികൾതോറും തുളച്ചുകയറുന്ന വേദന വേദനയാൽ അവൾ പുളഞ്ഞു. ഹൃദയം പൊട്ടിത്തകരുംപോലെ തോന്നി.

ആ ഉയന്ന ഉദരത്തെ അവൾ തടവി. അതിൽ ഒരു ജീവി ഒളിച്ചിരുപ്പുണ്ടു് ആണോ പെണ്ണോ ആകാം. ഒരു മനുഷ്യശിശു. ഒരു ചെഞ്ചോരക്കുഞ്ഞു് ഒരു വിപ്ളവസന്തതി!

ഒന്നു് ജനനം കൊള്ളുന്ന നിമിഷത്തിൽ മറെറാന്നു് മരിക്കാതെ മരിക്കുന്നു. ദുഃഖത്തിന്റെകയം കാണുന്നു. ഇതാണോ പ്രസവം!

കാലുകൾ മടക്കി ആ പീടികത്തിണ്ണയിൽ അവൾ കുത്തി ഇരുന്നു; ഒരു നാൽക്കാലിമൃഗത്തെപ്പോലെ. വലിയ വീർപ്പുകളാൽ ശ്വാസം ഉൾക്കൊണ്ടു ബലമായി കീഴ്പ്പോട്ടു് അമർത്തി.....

തണുത്തകാററു് ശക്തിയോടു് വീശി അവളുടെ ശരീരം വിറുങ്ങലിച്ചു തുടങ്ങി. പാദംമുതൽ തണുപ്പു് കയറിയതാണു്. ഞരമ്പുകളിലൂടെ പാഞ്ഞുകൊണ്ടിരുന്ന രക്തം ഉറഞ്ഞു വററിയതുപോലെ അവളുടെ ഇരുപ്പു് ഉറയ്ക്കുന്നില്ല. ജീവൻ പറന്നു പോകുന്നതുപോലെ അവൾക്കു് തോന്നി. ആ ശരീരം തളന്നുകഴിഞ്ഞിരുന്നു. അസഹ്യമായ ദാഹത്താൽ അവൾവലഞ്ഞു. ദാഹം! ഏതു ജലാശയത്തെയും ഒരൊററമുച്ചിൽ കുടിച്ചു വററിക്കുവാൻ തോന്നിക്കുന്ന ഉഗ്രഉഗ്രമായ ദാഹം!

പെട്ടെന്നു് കഠിനകഠിനമായ ഒരു വേദന. അസ്ഥികൾ തകരുന്നതുപോലെ........അവൾപല്ലുകൾകടിച്ചമർത്തി കണ്ണുകൾ ഇറുക്കെ അടച്ചു.

കൊടുങ്കാററു് ഇരമ്പിക്കൊണ്ടു് പാഞ്ഞു. ആ പീടിക കാററിൽ ഉലഞ്ഞു മേൽക്കൂര ഞെരിഞ്ഞു തകരുന്ന ശബ്ദം കേൾക്കായി. അതു് തകന്നു വീഴുമെന്നു തോന്നി.

11

ആ കർഷകഗൃഹത്തിൽ ഒരു ജനനവും ഒരു മരണവുമാണു് അന്നു് സംഭവിച്ചതു്. മരണമോ ജനനമോ ആദ്യം സംഭവിച്ചതെന്നു് ആക്കും നിശ്ചയമില്ല. ആ പേററുനോവു് രണ്ടു ദിവസത്തോളം നീണ്ടുനിന്നിരുന്നു. ഡാക്ടരേയോ മിഡ്‌വൈഫിനേയോ വരുത്തുവാൻ ആ ഗൃഹാധിപനു് കഴിഞ്ഞില്ല. ഹോസ്പിററലോ വളരെ വളരെ അകന്നും. ഒരു പതിച്ചി മാത്രമേ അന്നു് ആ കരയിൽ ഉണ്ടായിരുന്നുള്ളു.

പ്രസവിച്ചതു് ഒരു പെൺകുട്ടിയെ ആയിരുന്നു. കമലയെന്നു് ആ ശിശുവിനു് പേരുമിട്ടു.

അമ്മയില്ലാതിരുന്ന കമലയ്ക്കു് മൂന്നു വയസ്സു് തികഞ്ഞപ്പോൾ ഒരു ചിററമ്മയെ ലഭിച്ചു. സംവത്സരങ്ങൾ ചിലതുകൂടി കഴിഞ്ഞപ്പോൾ ഒരു സഹോദരനും രണ്ടു സഹോദരികളും!

കമല ചിററമ്മയെ അമ്മയെന്നാണു് വിളിച്ചിരുന്നതു്. എങ്കിലും ചിലപ്പോൾ അവൾക്കു് തോന്നും. ആ അമ്മ ഇല്ലാതിരിക്കുകയാണു് നല്ലതെന്നു ചിററമ്മയുടെ ക്രൂര ദൃഷ്ടികൾ എപ്പോഴും അവളുടെമേൽ പതിഞ്ഞിരുന്നു. ആ നിശിതനയന പാതമേററു് കമല ചൂളുങ്ങിച്ചുളി.

ആ ഗൃഹത്തിലെ ഒരധികപററാണു് കമല. ആക്കും അവളോടു് മമതയില്ല. സ്വന്ത പിതാവുപോലും വെറുപ്പോടാണു് അവളെ വീക്ഷിച്ചിരുന്നതു്.

പ്രകൃത്യാ കമല ദുർബലയാണു്. അവൾ ഏതിനേയും പേടിച്ചു. ഒരിക്കൽപോലും അവൾ ഉറക്കെ സംസാരിച്ചിട്ടില്ല. പൊട്ടിച്ചിരിച്ചിട്ടില്ല. അതെല്ലാം അവളുടെ അധികപ്രസംഗമായി ആ ചിററമ്മ ഗണിച്ചുപോന്നു.

കമല പന്ത്രണ്ടാമത്തെ വയസ്സിൽ പട്ടണത്തിൽ ഒരു വക്കീലിന്റെ വീട്ടിൽ ഒരു വേലക്കാരിയായി നിയമിതയായി. വക്കീലിന്റെ ഭാര്യയ്ക്കു് കമലയെ വളരെ പിടിച്ചു. തന്റേടംകുറഞ്ഞ ഒരുബാലിക. എന്തു പറഞ്ഞാലും കേട്ടുകൊള്ളും. എതിർവാക്കു് ഉരിയാടുകയില്ല. എത്ര ജോലി ചെയ്തു ക്ഷീണിച്ചാലും 'വയ്യ' എന്നു പറഞ്ഞു് പിൻമാറുകയില്ല,

കമലയ്ക്കു് എല്ലാവരേയും പേടിയാണു്. കൊച്ചമ്മയുടേയോ വക്കീലിന്റെയോ മുഖം കറുത്തുകണ്ടാൽ കമല കരയും. വക്കീലിന്റെ മൂത്ത മകൻ ഒരു കാളേജ് വിദ്യാത്ഥിയാണു് ഭാസി. വെക്കേഷൻ കാലത്തു് മാത്രമേ വീട്ടിൽ വരാറുള്ളു.

സംവത്സരങ്ങൾ ചിലതു കടന്നുപോയി.

ഒരു ദിവസം വക്കീലും ഭാര്യയും മററും സിനിമയ്ക്കു് പോയിരുന്നു. ഗൃഹത്തിൽ കമല മാത്രമേ ഉണ്ടായിരുന്നുള്ളു. അവൾ വീട്ടുജോലികളും മററും ശരിപ്പെടുത്തി തന്റെ മുറിയിൽ ഇരിക്കുകയായിരുന്നു. അപ്പോഴാണു് അവളുടെ കൊച്ചെജമാനൻ-ഭാസി-അവിടെവന്നതു്. അയാൾ ബി എൽ ഡിഗ്രിയും കരസ്ഥമാക്കി തിരിച്ചെത്തിയിട്ടു് ചില ദിവസങ്ങളേ ആയിരുന്നുള്ളു.

കമല അത്താഴം വിളമ്പി കൊടുത്തു. ഭാസി ഉണ്ടു. ഇടയ്ക്കിടെ അവന്റെ നോട്ടം അവളിലായിരുന്നു. ആ നോട്ടം വെറും നോട്ടമായിരുന്നില്ല: അതിനു് ഏതോ കനവും കഴമ്പുമുണ്ടായിരുന്നു.

ഭാസി ഉണ്ണുകഴിച്ചു് എഴുന്നേററു.

കമല പാത്രങ്ങൾ കഴുകിവെച്ചു കൊണ്ട് തന്റെ മുറിയിലേക്ക് വന്നു. പെട്ടെന്ന് അവളുടെ പിറകിലായി ചില പാദനിപാതം! ........അവൾ ഭയപ്പാടോടുകൂടി തിരിഞ്ഞുനോക്കി. അവളുടെ പിൻപിൽ ഒരു മനുഷ്യൻ നിന്നിരുന്നു. അതു് ഭാസിയായിരുന്നു. അവന്റെ കരങ്ങൾ അവളുടെ ചുമലിൽ പതിച്ചു. ഊഷ്മളശ്വാസം മുഖത്തും. കമല കുതിറി മാറുവാൻ, 'അരുതു്' എന്നു വിലക്കുവാൻ ആഞ്ഞു. ചൂണ്ടുവിരൽ ഉയർത്തിക്കൊണ്ടു് ഒരു രാക്ഷസന്റെ രൗദ്രതയോടു് ആ 'സത്വം' അവളെ നോക്കിമുരണ്ടു:-

''മിണ്ടരുതു്!,,

കമല തന്റെ ജീവിതത്തിൽ ആരോടും ആജ്ഞാപിച്ചിട്ടില്ല. ആജ്ഞകൾ അനുസരിച്ചിട്ടേയുള്ളു. കമല മിണ്ടിയില്ല....

നിമിഷങ്ങൾ പറന്നുപോയി. കരിപുരണ്ട നിമിഷങ്ങൾ!

ഒരിക്കലും മായാത്ത-മാഞ്ഞുമറയാത്ത ഒരു ചോദ്യചിഹ്നം അവളെ തുറിച്ചുനോക്കി. ആ മായാത്ത ചിത്രം! അതു് എപ്പോഴും അവളുടെ കൺമുൻപിലുണ്ട്. ഒരു അരനിമിഷം. കരിപുരണ്ട അരമണിക്കൂർ! അതു് അവളുടെ ജീവിതത്തിൽ എന്നെന്നും നിലനില്ക്കുന്ന ഒരു വ്രണം സൃഷ്ടിച്ചു. എപ്പോഴും ദുർന്നീരൊലിക്കുന്ന ഒരു പുണ്ണ്!

കമല ഗർഭിണി ആയി. ആ അറിവ് അവളുടെ ഹൃദയക്ഷതത്തെ വ്വവൽ വർദ്ധിപ്പിച്ചു.

കമല കരഞ്ഞു. ഹൃദയം നൊന്തു കരഞ്ഞു. കരയുവാനേ കമലയ്ക്കു് കഴിവുണ്ടായിരുന്നുള്ളൂ.

ശബ്ദരഹിതമായി മാസങ്ങൾ ചിലതു കഴിഞ്ഞു.

കമലയിൽ ഉൾക്കൊണ്ടിരുന്ന ആ രഹസ്യം വളർന്നുവളർന്നു വന്നു. മറക്കുവാൻ പാടില്ലാത്തവണ്ണം സുവ്യക്തമായി. ഭാസി അവിടം വെടിഞ്ഞിരുന്നു. മദ്രാസിൽ വക്കീൽ പണി ആരംഭിച്ചിരിക്കുകയാണു്. അവളുടെ കെ ചമ-വക്കീലിന്റെ ഭാര്യ—ആ സ്ത്രീ അതു് ആദ്യമായി കണ്ടുപിടിച്ചു. ബലിഷ്ഠമായ മതിൽക്കെട്ടുകളാൽ സുരക്ഷിതമാക്കപ്പെട്ട ആ ഗൃഹത്തിനുള്ളിൽ നിവസിക്കുന്ന അവളിലും അതെങ്ങിനെ നുഴഞ്ഞുകയറിയെന്നു് അവർക്കു മനസ്സിലായില്ല! കമലയോടു ചോദിച്ചു. അവൾ ആദ്യം പറഞ്ഞില്ല. നിർബന്ധിച്ചു. കമല കണ്ണീരോടു് പരമാർത്ഥം പറഞ്ഞു. അവർക്കതിൽ വിശ്വാസം വന്നില്ല. നിയമവും നീതിയും പഠിച്ച മകനിൽ നിന്നും അങ്ങിനെ വരുമോ? പറഞ്ഞാൽ ആരു വിശ്വസിക്കും?

വക്കീലും ഭാര്യയുമായി ഒരു കൂടിആലോചന നടന്നു. കമലയെ അവളുടെ വീട്ടിലേക്കു തിരിച്ചയക്കുവാൻ നിശ്ചയിച്ചു. ഒരു പീറപ്പെണ്ണിന്റെ മാനമാണോ, സ്വപുത്രന്റെ സൽപ്പേരാണോ അവർക്കു് വലുതു്:!

കമല വീട്ടിലേക്കു് പോയില്ല. ആ ഗൃഹകവാടവും തന്റെ മുൻപിലായ് അടയ്ക്കപ്പെട്ടിരിക്കുമെന്നു അവൾക്കറിയാം.

കമല നടന്നു. നീണ്ടുകിടക്കുന്ന പെരുവഴിയിലൂടെ അവൾ നടന്നു. കയ്യിൽ കാശു് തീർന്നപ്പോൾ അവൾ യാചിച്ചു. കാശല്ല; ഭക്ഷണം. പല കുലസ്ത്രീകളും അവൾക്കു് ആഹാരം കൊടുത്തു.

ഒരിക്കൽ ഒരു ഗൃഹായിപ അവളോടു് ചോദിച്ചു:—നീ എവിടെ പോകുകയാ?" കമല ഉത്തരം പറഞ്ഞില്ല

"നിന്റെ ഭർത്താവെവിടെ?" അവർക്കറിയണം.

"മരിച്ചുപോയി"

"എങ്ങിനെ?"

"ഇടിവെട്ടി!"

അതാണ് കമലയ്ക്കു് അപ്പോൾ പറയുവാൻ തോന്നിയതു്.

പട്ടണത്തിലെ തെരുവീഥികളിൽ നിന്നും കമല പലതും പഠിച്ചു. അതുവരെ അറിയാതിരുന്ന പലതും! . . . പകലല്ല രാത്രിയിൽ. പരുപരുത്ത പരമാർത്ഥങ്ങൾ!

III

ഒരു പ്രഭാതത്തിൽ പൂർണ്ണഗർഭിണിയായ ഒരുവൾ ഒരു ഭാണ്ഡവുമേന്തി ആ പെരുവഴിയിലൂടെ പോകുന്നതു് കാണായി. പലരും അവളെ തുറിച്ചു നോക്കി. അതുവരെ പേറിപ്പിച്ചതു് അവളുടെ അപകടം പിടിച്ച അതനിൽപ്പായിരുന്നു.

അപ്പോൾതന്നെ അവൾക്കു് നടക്കുവാൻ നിവ്വാഹമില്ലായിരുന്നു. പലപ്പോഴും കിതച്ചുനിന്നും, തളർന്നിരുന്നും, വഴിക്കിണറുകളിൽ നിന്നും വെള്ളം കുടിച്ചും മററുമാണു് അവൾ നടന്നുകൊണ്ടിരുന്നതു്. ആ രാജ്യനിവാസികൾക്കു് അവൾ തികച്ചും അപരിചിതയായിരുന്നു. അവളുടെ കാലുകൾ പൊടിപററിപ്പിടിച്ചു് കാവിവർണ്ണമായിരുന്നു. അതുപോലെ വസ്ത്രവും.

ദയനീയമായിരുന്നു അവളുടെ മുഖം. തീവ്രമായ ദുഃഖത്തെ പ്രതിഫലിപ്പിച്ചിരുന്നു. കണ്ണുകൾ കലങ്ങിയും വിളർത്തുമിരുന്നു.

പലരുടേയും ദൃഷ്ടികൾ അവളിൽ ഏകോപിച്ചു് പതിഞ്ഞുകൊണ്ടിരുന്നപ്പോൾ അവൾ ആരുടേയും മുഖത്തു നോക്കിയില്ല. അവളുടെ സിരസ്സ് വക്ഷസ്സിലേക്കു് തൂങ്ങികിടന്നിരുന്നു. തന്റെ പാദങ്ങളിൽ നോക്കിയാണു് അവൾ നടന്നിരുന്നതു്.

ഒരു പ്രാവശ്യം അവൾ കാലിടറി നിലം പതിച്ചു. ആ വീഴ്ച്ചയിൽ സാരമായ മുറിവ് അവൾക്കു് പററി. നെഞ്ചിടിച്ചാണു് അവൾ വീണതു്! കാൽമുട്ടുകളിൽ നിന്നുംമററും ചോരപൊടിഞ്ഞു പൊന്തി വസ്ത്രത്തെ അരുണിമ അണിയിച്ചു.

ചില വഴിപോക്കർ അവളെ പിടിച്ചു് എഴുന്നേൽപ്പിച്ചു ഒരുവൻ അവളോടു ചോദിച്ചു:—"നീ എവിടെ പോകുന്നു?" അവൾ എവിടെ പോകുന്നു? അവൾക്കു് തന്നെ അതു് നിശ്ചയമില്ല. പോകുന്നു എന്നു മാത്രം. കണ്ണിൽ കണ്ട പെരുവഴിയിലൂടെ പോകുന്നുവെന്നു മാത്രം!

നിന്റെ പേരെന്തു്?" അവർ വീണ്ടും ചോദിച്ചു.

"കമല"

"നിനക്കാരുമില്ലേ?"

"ഇല്ല"

"ഇതെങ്ങിനെപററി"?

അവൾ അതിനു് ഉത്തരം പറഞ്ഞില്ല. അവൾ അവിടെനിന്നും നടന്നു. ദുഃഖകരമായ ചിന്തയിൽ വീണ്ടും അവൾ മുങ്ങി. ചിന്ത! ബാഹ്യലോകത്തെ വിസ്മരിപ്പിക്കുന്ന ചിന്ത! ബുദ്ധി അല്ല പാദങ്ങളാണു് അവളെ നയിച്ചിരുന്നതു്.

അവളുടെ ചുണ്ടുകൾ ബലമായി അടക്കപ്പെട്ടിരുന്നു. അതു് ഒരിക്കലും വിടർന്നില്ല. ആ ഉഗ്രമൗനം അവളുടെ മുഖത്തിനു് ഒരു ഗാംഭീര്യം നല്കി.

നേരം ഉച്ചയായപ്പോഴും ഉച്ചവനം കൊടുമയേറിയ ദിനകരരശ്മികളേററു് പൊരിഞ്ഞുകൊണ്ടിരുന്നപ്പോഴും അവൾ—കമല—ആ നിർഭാഗ്യത്തിന്റെ സന്തതി അങ്ങിനെ വെച്ചുവെച്ചു പൊയ്ക്കൊണ്ടിരുന്നു.

പകലോൻ ചക്രവാളത്തെ ചുംബിച്ചുകൊണ്ടു് മറഞ്ഞു. ലോകം ഇരുളിന്റെ കേളീരംഗമായി അതോടൊന്നിച്ചു കൊടുങ്കാററും.

കമല ആ പാതവക്കിലെ ഒരു പീടികത്തിണ്ണയിൽ കയറിക്കിടന്നു. കുറേകഴിഞ്ഞപ്പോൾ പ്രസവവേദനയും ആരംഭിച്ചു. ഒടുവിൽ അതികലശലായി വേദന സഹിക്കുവാൻ സാധ്യമാകാത്തവണ്ണം ഉയർന്നു. അവൾ പല്ലു കടിച്ചു്, ചുണ്ടുകൾ അമർത്തി. വേദന പുളഞ്ഞുകൊണ്ടിരുന്നു. ഒരു ജനനത്തിന്റെ, അല്ല മരണത്തിന്റെ ആരംഭമാണതെന്നു് അവൾക്കു് തോന്നി.

ഉടവിടാതുള്ള വേദന. ഒരു നൊമ്പരവും ഇതിലധികമാവുകയില്ല. ഒടുവിൽ അവൾ മൗനം ഭഞ്ജിച്ചു:—

"ഹയ്യോ"

"ഹെന്റമ്മോ"

ചൂളം വിളിക്കുന്ന കാററിൽ പ്രകൃതി പ്രക്ഷുബ്ധമായിരുന്നു.

× × ×

ഒരു ശിശുവിന്റെ ശവശരീരം ആ പീടികത്തിണ്ണയിൽ അടുത്ത പ്രഭാതത്തിൽ കാണപ്പെട്ടു. അവിടം ചോരപുരണ്ടു് മലീമസമായിരുന്നു. ഒരു നീലഛായ ആ ശവശരീരത്തിൽ നിഴലിച്ചിരുന്നു. ചില കാക്കകൾ അതിനു ചുററുമായി പറന്നുകൊണ്ടിരുന്നു. ഒരു ശ്വാവ് മുറുമുറുത്തു കൊണ്ടു് സമീപത്തും.

വി. വി. കെ. വാലത്ത്

# ഏ. ബാലകൃഷ്ണപിള്ളയിലേക്കുള്ള തീർത്ഥയാത്ര

II

ഞങ്ങൾ ധൈര്യത്തോടെ കടന്നു ചെന്നു. ആ താടിമീശയുടെ വകയായ നേരിയ മനുഷ്യരൂപം കസേരയിൽ നിവർന്നിരുന്നു. താൻ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കയായിരുന്ന ഭൂപടത്തിൽനിന്നു ദൃഷ്ടിയും, നോട്ടുബുക്കിൽനിന്നു പേനയുമെടുത്ത് നോട്ടംകൊണ്ടു ഞങ്ങളെ സ്വാഗതംചെയ്തു. ഞങ്ങളെ സൽക്കരിക്കാനെന്നപോലെ ആ വരണ്ടചുണ്ടിൽ ഒരു മന്ദഹാസം വന്നുനിന്നു. അതു ആ നരച്ചതാടിയിൽ പോയി ലയിച്ചു. അങ്ങനെ അനേകം ആത്മാർത്ഥമായ മന്ദഹാസങ്ങൾ ഊറിവീണിട്ടാണ് ആ താടിമീശ വെളുത്തിട്ടുള്ളത്. ഒരു മെലിഞ്ഞ കുട്ടിയുടെ ശേഷിയോടെ കസേര ചൂണ്ടിക്കാട്ടി. ഞങ്ങൾ ഇരുന്നു. എന്നെ അദ്ദേഹത്തിനു മനസ്സിലായെന്നും, ഞങ്ങളുടെ ആഗമനം അദ്ദേഹം പ്രതീക്ഷിച്ചിരിക്കുകയായിരുന്നെന്നും തോന്നി. എന്തുകൊണ്ടെന്നാൽ, ഞാൻ എന്റെ പേർ പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുഖഭാവത്തിനു ഭാവഭേദമുണ്ടായില്ല.

ചാരുകസാലയുടെ വീതിയുള്ള ഇരുകൈകളിലും വേണ്ടത്രഭാരമുണ്ട്. ഡയറികൾ, ബുക്കുകൾ, നോട്ടുബുക്കുകൾ മുക്കാൽഭാഗം എഴുതിവെച്ച ഒരു നോട്ടുബുക്ക് അങ്ങനെതന്നെ മഷിയുണങ്ങാതെ തുറന്നിരിക്കുന്നു. ഇടതുവശത്തു ഒരു ഇരുമ്പുപെട്ടി അടച്ചുറപ്പിച്ചിരിക്കുന്നു.

അകലെനിന്നു വരുന്നപോലെ അദ്ദേഹത്തിന്റെ ശബ്ദം ക്ഷയിച്ചിരുന്നു. അതു് ഒരു രോഗശയ്യയിൽനിന്നു വന്നു രോഗശയ്യയിലേക്കുതന്നെ മടങ്ങുന്നപോലെ തോന്നി. തളർന്നുകിടപ്പായിരുന്നു. പല്ലുവേദനയുണ്ട്. വായ് തുറന്നുകാട്ടി. കയ്യും കാലും വാതംകൊണ്ടു വീങ്ങിയിരിക്കുന്നു. എനിക്കു അദ്ദേഹത്തെക്കൊണ്ടു സംസാരിപ്പിക്കുന്നതിൽ ഭയമുണ്ടായി. എങ്കിലും അദ്ദേഹം പതുക്കെ പതുക്കെ സംസാരം തുടങ്ങി.

"എന്റെ ഗവേഷണലേഖനങ്ങൾ അധികംപേർക്കും രുചിക്കുന്നില്ല."

"കാരണം അവ വസ്തുതകളാണ്. നാളത്തെലോകംതുക്കിനോക്കേണ്ട വിജ്ഞാനങ്ങൾ!"

എന്റെ വാക്കുകൾ അദ്ദേഹത്തിന്റെ ഒരു പുഞ്ചിരിയിൽ പോയി ലയിച്ചു.

"എനിക്കു യാതൊന്നും ആലോചിപ്പാൻ കഴിയുന്നില്ല: ആലോചിച്ചാൽ കിടപ്പാകും. ചങ്ങമ്പുഴയുടെ സ്പന്ദിക്കുന്ന അസ്ഥിമാടത്തിനു അവതാരിക എഴുതിക്കഴിഞ്ഞപ്പോൾ ഞാൻ വീണുപോയി. മണിനാദത്തിനും, കടത്തുവഞ്ചിക്കും അവതാരിക എഴുതിയപ്പോഴും വളരെ ദിവസത്തേക്കുരോഗശയ്യയിൽ വീഴേണ്ടിവന്നു!"

താടിമീശയെ കൈവിരലുകൾകൊണ്ടു തടവി അദ്ദേഹം ഉഴിഞ്ഞുകൊണ്ടിരുന്നു. അതു ക്രമേണ അദ്ദേഹത്തിനു രസമുള്ള ഒരു പ്രവൃത്തിയാണെന്നു തോന്നും.

"താങ്കളുടെ ഗവേഷണങ്ങൾക്കുവേണ്ടി താങ്കൾ ചിലവുചെയ്ത തലച്ചോറിനും ആരോഗ്യത്തിനും തക്ക പ്രതിഫലം കിട്ടിയിട്ടില്ല. നമ്മുടെ ഗവർമ്മെൻറുകൾ അക്കാര്യത്തിൽ ശ്രദ്ധിച്ചിരുന്നെങ്കിൽ!"

"വേണ്ടാ; എനിക്കു ഗവർമ്മെൻറിന്റെസഹായംവേണ്ടാ"

"വേണ്ട"

അദ്ദേഹത്തിന്റെ കണ്ണിൽ അരിശം പാറി

"തിരു:ഗവർമ്മെണ്ടിൽനിന്നും എനിക്കു ഗണ്യമായ ഒരു തുക കിട്ടിയേനെ. ഞാനതു അപ്പോൾതന്നെ നിഷേധിച്ചു. ഗവർമ്മെണ്ടിന്റെ പിന്നാലെ പോകാൻ മരണം വരെ ഞാനിഷ്ടപ്പെടുന്നില്ല!"

വൃദ്ധന്റെ ആ വാക്കുകൾ ഞാൻ പ്രതീക്ഷിച്ചില്ല. യുവത്വത്തിലും വിപ്ളവത്തിലും അഭിമാനമുള്ള എനിയ്ക്കു് ആ വയസ്സന്റെ മറുപടി ഒരടിയായിരുന്നു.

ചങ്ങമ്പുഴയെ പരിചയമുണ്ടോ?

ഉണ്ട്. ഇന്നു രാവിലെ ഞാൻ ചങ്ങമ്പുഴയുടെ വീട്ടിൽ പോയിരുന്നു.

ചങ്ങമ്പുഴ ഈയിടെയായിഒന്നാംതരം രസികൻ കവിതകളെഴുതുന്നു. തന്റെ അനാരോഗ്യം അനുഭവിക്കുന്ന ദൂരത്തുനിന്നു അദ്ദേഹം ഒരു ചിരിചിരിച്ചു

'ചുട്ടെരിയ്ക്കൽ' 'ഗളഹസ്തം'മുതലായ കവിതകൾ! വിശദീകരിച്ചുകൊണ്ട് അദ്ദേഹം അതിൽ അഭിമാനം കൊള്ളുന്നതു കണ്ടു.

പെരുമാക്കന്മാരുടെ
കഴൽനക്കി ചുണകെട്ട
തിരുനാവായ്ക്കപ്പുറവു
മുണ്ടുലോകം!
(ഗളഹസ്തം)

സ്വപ്നത്തിൽ ശക്രനുണയുവോർ
നുണയട്ടെ;
സ്വത്തവിടെ വാങ്ങിക്കാ-
നാണിനിരക്കു!
(ചുട്ടെരിയ്ക്കൽ)

ഞാൻ പാടിയപ്പോൾ അദ്ദേഹം അതിൽ അഭിമാനം കൊള്ളുന്നതു കാണായി. ഒരു കൊച്ചുകുട്ടി ശബ്ദം ഉണ്ടാക്കാതെഅകത്തുനിന്നുവന്നു അൽപ്പം മുറുക്കാനെടുത്തുകൊണ്ടുവന്നു് വൃദ്ധന്റെ കയ്യിൽ വെച്ചുകൊടുത്തു. കുട്ടി നിശ്ശബ്ദമായി അകത്തേയ്ക്കു പോയി. അദ്ദേഹം മുറുക്കാൻ വായിൽവെച്ചപ്പോൾ, ഒരു പുഞ്ചിരി തൂകിക്കൊണ്ട് "നിങ്ങൾ മുറുക്കുമോ"യെന്നുചോദിക്കുവാൻ മറന്നില്ല

ഈ അത്ഭുതവയസ്സിൻ ആരാണ്. മലയാളസാഹിത്യം ഇതുപോലൊരു സാഹിത്യനേതാവിനെ ഇതിനുമുമ്പ് എവിടെ കണ്ടിരിക്കുന്നു! ഈ വയസ്സൻ—മെലിഞ്ഞ്മെലിഞ്ഞ് ദയനീയമായ അസ്ഥികൂടത്തിൽ തങ്ങിനിൽക്കുന്ന ഈ അൽപ്പായുസ്സ്—എന്തൊരു കൊടുങ്കാററാണ്? ക്ഷീണിച്ചു ക്ഷീണിച്ചു അണയാറായ ഈ വട്ടതിരിയുടെ ഏററവും ഒടുവിലത്തെ ഈ നേരിയ വെട്ടം എന്തൊരു ബ്രഹ്മാണ്ഡം മുഴവൻവിയർപ്പിക്കുന്ന തീകുണ്ഡമാണ്? കാവിമുണ്ടും, രുദ്രാക്ഷമാലയും, ഭസ്മക്കുറിയും കൈക്കൊള്ളേണ്ട ഈ താടിമീശ

അറിയുവിൻമതമണ്ഡല
മിതുവരെസൃഷ്ടിച്ചോ-
രഖിലദൈവങ്ങളുംചത്തുപോയി
(ചുട്ടെരിയ്ക്കൽ)

എന്ന കവിതയെ അങ്ങേഅററംവരെ ഉയർത്തിപ്പിടിക്കുന്നു

രാജകൊട്ടാരത്തിൽ നിന്നു വരുന്ന ബഹുമതികൾ കൂടി പുറം കാലുകൾകൊണ്ടു തട്ടിയെറിയുന്ന ഈ ധാർഷ്ട്യക്കാരനേത്? രോഗശയ്യയെ കൂടി പോക്കളമാക്കുന്ന ഈ ഹെർക്കുലീസേതാണ്? ഒരു ഭൂകമ്പത്തിന്റെ സാമ്രാജ്യം അടക്കിഭരിക്കുന്ന—ഒരു ഊതു ഊതിയാൽ പറന്നുപോകുന്നുവെന്ന് തോന്നപ്പെടുന്ന—ഈ അസ്ഥിപഞ്ജരമേത്?

ഞാൻചിന്തയിലാണ്ടിരുന്നുപോയി ആ ഗംഭീരമായ വീട്ടിൽ ഒരനക്കവുമില്ല. ഒരു ശബ്ദവുമില്ല. എന്നല്ല, രാവിലെ ചങ്ങമ്പുഴയുടെ വീട്ടിൽ ചെന്നപ്പോൾ കണ്ട യാതൊരു കോലാഹലവുമവിടെയില്ല. ചങ്ങമ്പുഴ കാൻവാസ് കസേരയിലിരുന്നു എഴുതിക്കൊണ്ടിരുന്നു. അദ്ദേഹം ഉടൻ എണീററു് ആ അരിവാൾമീശ ഒന്നു വളച്ച് ഒരു ചിരിചിരിച്ചു. താൻ പുതുതായി വാങ്ങിയിട്ട ഇംഗ്ലീഷ്മട്ടിലുള്ള സോഫകളിലൊന്നിലിരുത്തി. പിന്നെ വരികയായി ക്യാപ്സറൻ സിഗററ്റിനും തീപ്പെട്ടിയും! പിന്നെ "ശ്രീ, ശ്രീ, ശ്രീ, എന്നു വലിച്ചുനീട്ടി വിളിക്കൽ. "അമ്മയോടു കാപ്പികൊണ്ടുവരാൻ പറയൂ!" അടുക്കളയിൽ മകൻ ഒരു സർക്കസ്സ് കളിക്കാരന്റെ സാമർത്ഥ്യംകാണിച്ചുകൊണ്ടുചെന്നു

ആർ. പാമിദത്ത്

# എന്റെ ഇന്ത്യാപര്യടനം

## IV

ഏപ്രിൽ 6

നൃദൽഹിയുടെ ഭീകരതകളിൽനിന്നു രക്ഷപെട്ടു സ്വയം ഒന്നു ആശ്വസിക്കുന്നതിനുള്ള സന്ദർഭം ഓൾഡ് ദൽഹിയിലേക്ക് ഒന്നു യാത്രചെയ്യുമ്പോഴെ ലഭിക്കുകയുള്ളു. ഈ പുരാതനനഗരത്തിന്റെ മദ്ധ്യത്തിൽ മുസ്ലീംപള്ളിയുടെയും അങ്ങാടിയുടേയും പരിസരത്തിൽ പട്ടണത്തിന്റെനാൽക്കൂട്ടപ്പെരുവഴിയിലേക്കു തള്ളിനിൽക്കുന്നൊരു കെട്ടിടത്തിൽ ഒരു ചുകന്നകൊടി പറപ്പിച്ചുകൊണ്ടു കമ്മ്യൂണിസ്റ്റുപാർട്ടിആപ്പീസ് നിലനിൽക്കുന്ന പ്രദേശത്ത് ഞെങ്ങി ഞെരുങ്ങിയ പൌരസ്ത്യജീവിതത്തിന്റെ എല്ലാ സവിശേഷതകളും കാണാവുന്നതാണ്. ആൾപ്പെരുപ്പം വർദ്ധിച്ച തെരുവീഥികളിൽ കിഴവന്മാരെ ദുർല്ലഭമായേ കാണൂ എന്നുള്ളതും ഒരു കലാകാരനു ചിത്രീകരണത്തിനു വിഷയമാക്കുവാൻ ഏററവും പററിയതായി തോന്നും. ചഞ്ചലങ്ങളും നീണ്ടിടംപെട്ടവയുമായ മൈക്കണ്ണുകളും മനോഹരമായ മുഖങ്ങളുമുള്ള എണ്ണമററ കൊച്ചുകുട്ടികളെ സുലഭമായി കാണാമെന്നതും പ്രത്യേകിച്ചും ശ്രദ്ധിക്കാതിരിക്കുക സാദ്ധ്യമല്ല. ചിരിച്ചും കളിച്ചും നടക്കുന്ന ആ പിള്ളരെ കണ്ടപ്പോൾ ഇന്ത്യാമഹാസാമ്രാജ്യത്തിലെ ഒരു സാധാരണ ഔദ്യോഗികധനകാര്യജ്ഞനായിരുന്ന ഡോക്ടർ ആൻസ്റ്റിയുടെ ഈ വാക്കുകൾ എന്റെ കൺമുൻപിൽ അണിനിരക്കുകയുണ്ടായി' കുട്ടികളുടെ ഈ പെരുപ്പം തടയുവാൻ നമുക്കെങ്ങിനെ കഴിയും?

വാസ്തവം. മനുഷ്യന്റെ ജീവിതാവശ്യങ്ങൾക്കു അനുസരിച്ചതരത്തിൽ ഒരു സാമൂഹ്യഘടന നടപ്പിൽവരുത്തേണ്ടതെങ്ങിനെയാണെന്നു ചൂണ്ടിക്കാണിച്ചുകൊടുക്കുകയെന്ന തങ്ങളുടെ കർത്തവ്യം നിറവേററുന്നതിനുപകരം മനുഷ്യദ്രോഹപരമായ ഒരു സാമൂഹ്യഘടന അഭംഗുരമായി നിലനിർത്തുന്നതിനുവേണ്ടി മനുഷ്യജീവിതത്തെ അടിച്ചമർത്തുന്നതിനുള്ള മാർഗ്ഗം ശാസ്ത്രത്തിന്റെ ഒരു അനുഭവമാർഗ്ഗമെന്ന നിലയ്ക്കു ലോകമെങ്ങും കൊട്ടിഘോഷിക്കുന്ന കുററവാളികളായ ധനകാര്യജ്ഞന്മാരുടെ ഈ പെരുപ്പം തടയുവാൻ നമുക്കെങ്ങിനെ കഴിയും? ഇവരുടെ വീക്ഷണകോടിയിൽ ഈ സാമൂഹ്യപ്രശ്നത്തിന് മഹനീയമായ ഒരു പരിഹാരമെന്ന നിലയിൽ ലക്ഷോപലക്ഷം മനുഷ്യജീവികളെ ഭൂമുഖത്തുനിന്നു ഉച്ചാടനം ചെയ്യുവാനുപയോഗിക്കപ്പെട്ട ഹിററ്ലരുടെ വിഷവാതകശാലകളും ഭസ്മീകരണയന്ത്രങ്ങളും ഉപയോഗിച്ചുകൂടാ എന്നുവരുവാൻ തരമില്ല.

ഏപ്രിൽ 7

മുസ്ലീംലീഗ് നിയമസഭാസാമാജികന്മാരുടെ കൺവെൻഷൻ ഇന്നാരംഭിച്ചു. ചെറുപ്പക്കാരായ സന്ദർശകന്മാരുടെ ഭാഗത്തു നിന്നും ചില മുദ്രാവാക്യോദ്ഘോഷണങ്ങൾ പൊന്തുകയുണ്ടായി. എങ്കിലും സദസ്യരിൽ പ്രധാന വിഭാഗമായ ശാന്തസ്വഭാവരുംസുഖിയന്മാരുമായ നിയമസഭാസാമാജികന്മാരിൽ, വരാനിരിക്കുന്ന ഒരു ആഭ്യന്തരയുദ്ധത്തിന്റെ കരുക്കളെ കണ്ടുപിടിക്കുക വിഷമമാണ്. ഇംഗ്ലണ്ടിലോ അമേരിക്കയിലോ ആവേശഭരിതമായ ഒരു അന്തരീക്ഷത്തിൽ ചേരുന്ന ഒരു രാഷ്ട്രീയസമ്മേളനത്തോട് താരതമ്യപ്പെടുത്തി നോക്കിയാൽ ഈ സമ്മേളനാന്തരീക്ഷത്തിനു വേണ്ടത്ര ചൂടില്ലെന്നുള്ളത് വ്യക്തമായി കാണാം. അതിശയോക്തി കലർന്നും ആവേശഭരിതവുമായി ഏതാനും പ്രസംഗങ്ങൾ നടന്നുവെങ്കിലും (ഇവയിൽ ഏററവും അധികം ആവേശഭരിതമായിരുന്നത് ബംഗാളിലെ പ്രധാനമന്ത്രിയായ സുഹ്രാവർദ്ദി പ്രധാനപ്രമേയം അവതരിപ്പിച്ചുകൊണ്ട് ചെയ്ത പ്രസംഗമാണ്. അതിൽതന്നെ രക്തദാഹം മണക്കുന്ന അദ്ദേഹത്തിന്റെ ഏതാനും വാചകങ്ങളിൽ കുറച്ചുകൂടി വെളിച്ചം പതിപ്പിക്കണമെന്ന് ഞാനാവശ്യപ്പെട്ടപ്പോൾ അദ്ദേഹം എനിക്കു വിവരിച്ചുതരികയുണ്ടായി. തീർച്ചയായും അതു ഒരു അഭിനയം മാത്രമായിരുന്നു!") 1914 ലെ 'അൾസ്റ്ററി'ന്റെ മണം ഇതിലൊരിടത്തുംമുള്ളതായി കാണാൻ കഴിഞ്ഞില്ല

ഈ കൺവെൻഷനിൽ ഞാൻ കണ്ടതായ ഒരു പ്രത്യേകത—പുറത്തുനിന്നുവന്ന ഒരു സന്ദർശകനു ഇതു ഒരു തരം ആഭാസത്തരമായേ തോന്നൂ. പക്ഷേ, കോൺഗ്രസ്സൾപ്പടെ, ഞാനറിഞ്ഞിടത്തോളം, മററു രാഷ്ട്രീയസമ്മേളനങ്ങളിലെല്ലാം വാസ്തവത്തിൽ സാധാരണമായി കാണാറുള്ളതാണിത്—ബഹുമാന്യമായ ഇരിപ്പിടങ്ങൾ കിട്ടുന്നതിനുവേണ്ടി വൻപിച്ചതുകകൾ വിലയായി കൊടുത്തിട്ടുള്ള സമ്പന്നരായ രക്ഷാധികാരികളെപ്ലാററുഫോറത്തിനു ചുററും മനംമടപ്പിക്കുന്ന പൊങ്ങച്ചത്തോടെ നിരത്തിയിരുത്തി പ്രദർശിപ്പിച്ചിരുന്നുവെന്നുള്ളതാണ്. അവിടെ പ്ലാററുഫോറത്തിനടുത്തുള്ള സുഖകരമായ ഇരിപ്പിടങ്ങളിൽ, തങ്ങളെ സഭക്ത്യാദരം വീക്ഷിക്കുന്ന സദസ്യരുടെ മുമ്പിൽ അവർ ഒരു തരം ഭോഷന്മാക്കു ചേന്ന ആത്മസംതൃപ്തിയോടെനീണ്ടു നിവർന്നും ചാരിയും കിടക്കുന്നു. അവരുടെ തല്പമുകളിൽ 50 ക. (3 പവനിൽ കുറച്ചുകൂടുതൽ) എന്നടയാളപ്പെടുത്തിയ ഓരോ കടലാസ് ആക്കും കാണാവുന്നവിധത്തിൽ പതിച്ചിട്ടുണ്ട്. തടിച്ചു മടിശീലക്കാർക്കു തുറന്നമട്ടിൽ നൽകപ്പെടുന്ന ഈ പദവിയും അതോടൊപ്പം അവർ നൽകുന്നവിലയുടെ ഈ കുറിപ്പും ഇന്ത്യൻ രാഷ്ട്രീയ കാര്യങ്ങളുടെ ആരേയും ആകർഷിക്കുന്ന തുറന്നമട്ടിനും—അതോടൊപ്പംതന്നെ ആക്കും തെളിഞ്ഞുകാണാവുന്ന ദൈ്വവിധ്യത്തിനും എല്ലാത്തരം കള്ളത്തരങ്ങൾക്കും—ഒരു പ്രത്യക്ഷോദാഹരണ

---

അച്ഛന്റെ കമ്പിസന്ദേശം വായിക്കൽ! മിസ്സിസ്സ് ശ്രീദേവിചങ്ങമ്പുഴ പലഹാരത്തിനു ബദ്ധപ്പെട്ടു തേങ്ങ ചുരണ്ടുന്ന ശബ്ദം കേൾക്കാം! കുഞ്ഞിന്റെ കരച്ചിൽ! പാത്രം മുട്ടുന്ന ഒച്ചകൾ! കാൽ പെരുമാററങ്ങൾ. ചങ്ങമ്പുഴയുടെ ഉച്ചത്തിലുള്ള സംസ്കാരം—അവിടെ സർവ്വത്ര ചലനമാണ്. എന്നാൽ, ഇവിടെ എല്ലാം നിശ്ശബ്ദമാണ്. ഈ വലിയ വീട്ടിൽ ആരും തന്നെ ഇല്ലെന്നു തോന്നും

അദ്ദേഹം തന്റെ മഹാ ഗവേഷണങ്ങൾ സാധിക്കുന്ന സ്ഥലമാണ് ഈ വീട്! ഇവിടെ ഇരുന്നുകൊണ്ടാണ് അദ്ദേഹം ഇന്തോചൈനയിലും അഫ്ഗാനിസ്ഥാനിലും, പേർസ്യയിലും പാഞ്ഞു നടക്കുന്നത്! ഇവിടെ ഇരുന്നാണദ്ദേഹം പുരാതനബാബിലോണിയയുടെ, സിറിയയുടെ, മക്കായുടെ അവശിഷ്ടങ്ങളെ പരിശോധിക്കുന്നത് ഇവിടെ ഇരുന്നാണദ്ദേഹം തുൻഹ്വങ്ങിലേയും, ടിബററിലേയും, തൃക്കാക്കരയിലേയും, ശബരിമലയിലേയും ആദികാലത്തെ ഖനനം ചെയ്യുന്നത്! ഇവിടെ ഇരുന്നാണദ്ദേഹം ആദിപരശുരാമനേയും, ആദി ഭാരതത്തേയും, ആദി വാല്മീകിയേയും കഴിച്ചെടുക്കുന്നത്!

അയാളുടെ അത്ഭുത കണ്ടുപിടുത്തങ്ങളുടെ സാക്ഷിയായി ഈ വീടും അതിനെ കാത്തുപോരുന്ന നിശ്ശബ്ദതയും നീണാൾ നില നില്ക്കട്ടെ! അതിൽ ഒരു കുനിയാത്ത വിപ്ളവകാരിയും, ക്രസാത്ത വിമർശകനും, തളരാത്ത ഗവേഷകനും, പുരോഗമനവാദിയായ കലാകാരനും പാക്കുന്നു!

ഞാൻ എഴുന്നേററു. യാത്ര ചോദിച്ചു. വിനയപൂർവ്വം തൊഴുതു.

ഇന്നത്തെ ദിവസവും അസ്തമിക്കാൻ പോകുകയാണ്. ദിവസങ്ങൾ വരുന്നു പോകുന്നു. എന്റെ ഹൃദയത്തിൽ ഇന്നൊരു മഹത്തായ സംതൃപ്തി നിഴലിട്ടിരിക്കുന്നു. ഞാൻ മടങ്ങിപ്പോവുകയാണ്.

എല്ലാം പോകാനുള്ളതാണെങ്കിലും എന്റെ മനസ്സിൽനിന്നു അദ്ദേഹത്തിന്റെ മഹത്വവും, അദ്ദേഹത്തെ സന്ദർശിച്ച ദിവസവും പോകാതിരിക്കട്ടെ !!!

ാകുന്നു. ഇംഗ്ലണ്ടിലെ രാഷ്ട്രീയസംഘടനകളിലും സമ്പന്നന്മാരായ സംഭാവനക്കാർക്ക് പ്ളാറ്റുഫോറത്തിൽ ആഡംബരപൂർവ്വമായ ഇരിപ്പിടങ്ങൾ നൽകുകയെന്നുള്ളത് അസാധാരണമായ ഒരു കാര്യമല്ല. പക്ഷേ, അവയിൽ അവർ നൽകിയതായ വിലയുടെ വിവരം തലയ്ക്കുമേൽ എഴുതിയൊട്ടിക്കുന്ന സമ്പ്രദായമില്ല.

ഏപ്രിൽ 9

കോൺഗ്രസ്സിലെ പ്രസിദ്ധ "മേലാളി" യായ വല്ലഭായ് പട്ടേലുമായി ഒരു ദീർഘസംഭാഷണം. കോൺഗ്രസ്സിനെ നയിക്കുന്ന 'ടീ'മിൽ ഇദ്ദേഹമാണ് ഏററവും ശക്തനെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. തനിക്കെന്താണാവശ്യമെന്നും താനതു എങ്ങനെയാണു നേടുവാൻ ഭാവമെന്നും ഇദ്ദേഹത്തിന്നറിയാം. ഇന്ത്യൻ രാഷ്ട്രീയ കാര്യങ്ങളുടെ മേൽ സാധാരണയായി മൂടൽമഞ്ഞു കൊണ്ടു മറയിടുന്ന കാർമേഘപടലംപോലുള്ള ജടിലവാക്ക് ശൈലികളും പൊതുപ്രസ്താവങ്ങളും തൊട്ടുതെറിച്ചിട്ടപോലുമില്ലാത്ത ഒരേ ഒരു വ്യക്തിയായ ഇദ്ദേഹത്തോടു സംസാരിക്കുവാൻ രസമുണ്ട്. വലതുപക്ഷത്തിന്റേയും വൻകിട വ്യവസായികളുടേയും താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന ഏററവും ഭയങ്കരനായ ഒരാളും തന്റെ മാർഗ്ഗത്തിൽ കാണുന്ന ഏതൊരു തടസ്ഥത്തേയും നിർദ്ദാക്ഷിണ്യം തകത്തുകളയുവാൻ തുറന്ന മട്ടിൽ ഉറച്ചിറങ്ങിയിരിക്കുന്ന ആളുമെന്ന നിലയ്ക്കു ഇദ്ദേഹത്തെ ഇടതുപക്ഷക്കാർ അംഗീകരിച്ചിരിക്കുന്നു. ഇദ്ദേഹം പടുത്തുയർത്തിയിട്ടുള്ള ശക്തിമത്തായ പ്രവർത്തനയന്ത്രത്തിന്റെ തന്ത്രങ്ങൾ, വിശേഷിച്ചും ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പു കാലത്തു പ്രത്യക്ഷമായ വിധത്തിൽ, ഗാന്ധിയൻ പരിശുദ്ധതയേയോ അഹിംസയേയോ യാതൊരു വിധത്തിലും അടിസ്ഥാനപ്പെടുത്തിയവയല്ല. എന്നാൽ ഇതോടൊപ്പം തന്നെ ഇദ്ദേഹത്തിന്റെ രാഷ്ട്രീയമായ വിധിനിർണ്ണയത്തിനുള്ള പ്രാധാന്യം ഒട്ടുംതന്നെ ലഘുവായി കരുതിക്കൂടാ. കോൺഗ്രസ്സിന്റെ ലക്ഷ്യത്തിൽ ഇദ്ദേഹത്തിനുള്ള ആനക്കത്തിയാലിളകാത്ത വിശ്വാസവും ഗാന്ധിയോടുള്ള അടുപ്പവും ചോദ്യം ചെയ്യപ്പെട്ടു കൂടാത്തതുമാണ്.

കോൺഗ്രസ്സും കമ്യൂണിസവുമെന്ന പ്രശ്നത്തിന്റെ വിവിധവശങ്ങളെപ്പററി ഞങ്ങൾ രണ്ടുപേരും വാദപ്രതിവാദം നടത്തി വിശകലനം ചെയ്തു കൊണ്ടിരിക്കുമ്പോൾ, പഴഞ്ചനായ്ക്കഴിഞ്ഞിരിക്കുന്ന 1942-ലെ അഭിപ്രായവ്യത്യാസങ്ങളേയോ അല്ലെങ്കിൽ പാകിസ്ഥാൻ പ്രശ്നത്തേയോ എടുത്തു പൊക്കിപ്പിടിച്ച് അതിന്മേൽമാത്രം കുത്തിപ്പിടിച്ചു തക്കിക്കുന്ന മററു കാൺഗ്രസ്സ് നേതാക്കന്മാരുടെ പതിവിന്നുതീരെ എതിരായി സുനിശ്ചിതവും വ്യക്തവുമായ ഒരു പ്രശ്നമെന്നനിലക്കു അദ്ദേഹം നാവികന്മാരുടെ പണിമുടക്കത്തേയും ബോംബെയിലെ ബഹുജനപ്രസ്ഥാനത്തേയും എടുത്തുകാട്ടുകയും അതിനോടു തനിക്കുള്ള അങ്ങേയററത്തെ എതിർപ്പ് തുറന്നു പ്രസ്താവിക്കയും ചെയ്തതു് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം തികച്ചും സ്വാഭാവികം മാത്രമായിരുന്നു. കമ്മ്യൂണിസ്റ്റുകാരുമായിവീണ്ടും ഒത്തുതീർപ്പിലും സഹകരണത്തിലും എത്തുന്നതിന്റേയും പഴയകാലത്തെ അഭിപ്രായവ്യത്യാസങ്ങളെ എന്നെന്നേക്കുമായി കുഴിച്ചുമൂടുന്നതിന്റേയും ആശാസ്യത, എന്തായാലും, അദ്ദേഹം തികഞ്ഞ സൌഹാർദ്ദഭാവത്തോടെ പ്രകടിപ്പിച്ചു. ഇതിൽനിന്നും മററനേകം സംഭാഷണങ്ങളിൽ നിന്നും എനിക്കു തോന്നിയതു് ഇതാണ്. ആപൽക്കരമായ ദുർല്ലക്ഷണങ്ങളും തരണംചെയ്യാൻ വിഷമമായ തകരാറുകളും ഇൻഡ്യയിൽ ധാരാളമുണ്ട്. എന്നല്ല, അവ ഇനിയും വർദ്ധിച്ചും വലിപ്പംവച്ചും വരാനുമിടയുണ്ട്. എങ്കിലും പുരോഗതിക്കുള്ള മാർഗ്ഗങ്ങൾ എല്ലാം അങ്ങേയററം ക്ലിഷ്ടമാണെന്നു ഇനിയും പറഞ്ഞുകൂടാ. എന്നുമാത്രമല്ല, പഴയ യൂറോപ്യൻ സോഷ്യൽഡമോക്രാററുകാരുടെയിടയിലൊ ഏതെങ്കിലുമൊരു വിദേശീയസന്ദർശകനോടു സംഭാഷണംനടത്തുമ്പോഴായാൽപ്പോലും ഭയങ്കരമായ ഒരു സന്നിപാതജ്വരത്തിന്റെ ആക്രമണം തന്റെമേൽ ഉണ്ടായിട്ടില്ല എങ്കിൽ കമ്മ്യൂണിസം എന്ന വാക്കുപോലുംതനിക്കു ഉച്ചരിക്കുവാൻ കഴിയാത്ത 'ടാൻസ്പോർട്ട് ഹൌസിന്റെ' പ്രതിനിധിയെപ്പോലുള്ളവരുടെ ഇടയിലൊ ഉള്ളതു വിഷമയവുമതഭ്രാന്തിനോടുചേർന്നതുമായ കമ്മ്യൂണിസ്റ്റുവിരോധവിദ്വേഷം ഇനിയും ഇൻഡ്യയിൽ വളർന്നിട്ടുണ്ടെന്നു പറഞ്ഞുകൂടാ.

ഏപ്രിൽ 10.

ഇന്നു് ഞാൻ അഖിലേന്ത്യാ റേഡിയോവിൽ എന്റെ പ്രക്ഷേപണപ്രസംഗം നിർവ്വഹിച്ചു....

അഖിലേന്ത്യാ റേഡിയോ പ്രക്ഷേപണകേന്ദ്രം വിശാലവും ആധുനികരീതിയിൽ സജ്ജീകൃതവുമായ ഒരു നല്ല കെട്ടിടമാണ്. 1943-ലാണ് ഇതിന്റെ പണി തീർന്നതു—ജപ്പാനെതിരായ യുദ്ധം അനാവശ്യമായി തങ്ങളെ അലോസരപ്പെടുത്തുവാൻ ഔദ്യോഗിക ഇന്ത്യ അനുവദിക്കുകയുണ്ടായില്ല എന്നതിന്റെ ഒരു പ്രത്യക്ഷ പ്രകടനം. ("ഈശ്വരാനുഗ്രഹമെന്നേ പറയേണ്ടു, ഞങ്ങൾക്കു ജപ്പാനെ ആക്രമിക്കേണ്ടിവന്നില്ല;" ഒരവസരത്തിൽ ഉയർന്ന ഒരു പട്ടാളഉദ്യോഗസ്ഥൻ എന്നോടു പറയുകയുണ്ടായി, "ആക്രമണത്തിനു ഞങ്ങളുടെ ഭാഗത്തുനിന്നുള്ള സന്നാഹമൊരുക്കമെല്ലാം ഞങ്ങൾ ഇന്ത്യയിൽ വെച്ചാണ് നിർവ്വഹിച്ചുവന്നതു്; ഇതിന്റെ ഫലമോ? കാര്യമെല്ലാം അപകടത്തിൽ കലാശിക്കുക എന്ന ഘട്ടം വന്നേനേ എന്നുള്ളതു തന്നെ.")

ചുററുപാടും നടന്നു കാണുവാനെന്നെ റേഡിയോ കേന്ദ്രഭാരവാഹികൾ കൂട്ടിക്കൊണ്ടു പോകുമ്പോൾ എന്റെ മാർഗ്ഗോപദേശകനോടു ഞാൻ ചോദിച്ചു, ഇന്ത്യയിലെ സുപ്രസിദ്ധമായ 220 ഭാഷകളുടെ കുഴമ്പിച്ച പ്രശ്നത്തെ അവരെങ്ങിനെയാണു നേരിടുന്നതെന്ന്. അയാൾ പുഞ്ചിരിയിട്ടു. ഇന്ത്യൻ പ്രക്ഷേപണപരിപാടികളുടെ ഒരു പട്ടിക അയാളെന്നെ കാണിച്ചു. പത്തു ഭാഷകളിൽക്കൂടി ആകെ ജനസംഖ്യയിലെ 80 ശതമാനത്തിലധികം ആളുകളോടു സംസാരിക്കാമെന്നു അയാൾ പറഞ്ഞു. ഈ ഭാഷകൾ ഹിന്ദുസ്ഥാനി, പുഷ്ടു, പഞ്ചാബി, ബംഗാളി, ആസാമീസ്, ഗുജറാത്തി, മറാത്തി, തമിൾ, തെലുങ്ക്, മലയാളം എന്നിവയാണ്. യൂറോപ്പിൽ ജനസംഖ്യാനുപാതികമായി നോക്കിയാൽ കാണുന്നതിലും കുറച്ചു കുഞ്ഞു തോതിലാണ്, അപ്പോൾ, ഇന്ത്യയിലെ 40 കോടി ജനങ്ങൾക്കു ഭാഷകൾ ബാധകമാവുന്നതു്.

ഇന്നു വൈകുന്നേരംതന്നെയാണു, എന്നെ ആകെക്കൂടി പിടിച്ചുകുലുക്കിയ ഒരനുഭവമെനിക്കുണ്ടായതു്. ന്യൂഡൽഹിയിലെ കൊള്ളരുതായ്മകൾ എല്ലാവരുടേയും കണ്ണുകളിൽ അടിച്ചുതറച്ചിട്ടുണ്ടാവുമെന്നാണ് യഥാർത്ഥത്തിൽ ഞാൻ വിചാരിച്ചിരുന്നതു്. 'ടൈം' 'ലൈഫ്' എന്നീ പത്രങ്ങൾ ഇന്നു ഒരു ചായസൽക്കാരം നടത്തുകയുണ്ടായി. ചുഴിഞ്ഞു ആലോചിച്ചാൽ രസം പിടിപ്പിക്കുന്ന ഒരു സംഘം വിഭിന്നാഭിപ്രായക്കാരാണ് അതിൽ സന്നിഹിതരായിരുന്നതു്. അലക്സാണ്ടർ, ഗവർമെൻറ് മന്ത്രിമാർ, ഉയർന്ന പട്ടാള ഉദ്യോഗസ്ഥന്മാർതുടങ്ങി നെഹ്റുവും മിസിസ്സ് നായിഡുവുംവരെയുള്ളവരും പത്രപ്രതിനിധികളിൽ 'പരൽമീനുകൾ' എന്നു വിളിക്കപ്പെടാവുന്നവരും അതിൽ പങ്കെടുത്തിരുന്നു. ഈ സൽക്കാരാവസരത്തിൽ പ്രായംചെന്ന ഒരു സക്കാരുദ്യോഗസ്ഥനുമായി ഞാൻ സംഭാഷണം ചെയ്യുകയായിരുന്നു. അദ്ദേഹം ചുട്ടുപൊള്ളുന്ന ഒരു ഷർട്ടിനുള്ളിൽ വിയർത്തു മുങ്ങിയിരിക്കയാണ്. അന്നു വൈകുന്നേരം ഞാൻ അഖിലേന്ത്യാ റേഡിയോ കേന്ദ്രം സന്ദർശിച്ചതും ആ കെട്ടിടത്തിലെ നവീനമായ സജ്ജീകരണങ്ങളെല്ലാം സശ്രദ്ധം കണ്ടു മനസ്സിലാക്കിയതും ഞാനദ്ദേഹത്തെ അറിയിച്ചു. വിഷാദാത്മകമായ ഒരു സ്വരത്തിൽ അദ്ദേഹം മറുപടിപറഞ്ഞു. "പക്ഷേ, ന്യൂഡൽഹിയിലെ ഞങ്ങളുടെ മഹത്തായ ശില്പകലാവൈഭവവുമായി ദയനീയമാംവിധം ബന്ധമററുകിടക്കുന്ന ഒരു കെട്ടിടമാണതു എന്നു നിങ്ങൾക്കു തോന്നുന്നില്ലേ? എന്തൊക്കെയായാലും, എണ്ണംപറഞ്ഞ ശില്പകലാവൈഭവം പ്രകടിപ്പിക്കുന്ന നിർമ്മാണവേലകൾ യഥാർത്ഥത്തിൽ ന്യൂഡൽഹിയിൽ ഞങ്ങൾക്കുസൃഷ്ടിക്കാൻ കഴിഞ്ഞുവെന്നിരിക്കെ, അതിനു് ഒട്ടും അനുയോജ്യമല്ലാത്തൊരു കെട്ടിടം മുഖേന ആ കലാവൈഭവത്തിന്റെ പുരോഗതിയെ തടഞ്ഞുനിർത്തേണ്ടി വരുന്നതു് അനുകമ്പാർഹം മാത്രമാണ്.

അപ്പോഴാണ് വെള്ളക്കാരുടെ പട്ടണങ്ങൾക്കുചേർന്ന വെറും ശൃംഗാരക്കുഴമ്പായ ശില്പകലാവൈഭവം ന്യൂദൽഹിയിൽ ഇന്നും നിലനില്ക്കുന്നുവെന്നതിൽ അഭിമാനം കൊള്ളുന്ന ആളുകൾ വാസ്തവത്തിൽ ഇന്ത്യയിലുണ്ടെന്ന കാൎയ്യം എനിക്ക വെളിവായതു്. വ്യക്തമായും ഈ ശില്പകലാപ്രകടനം പാശ്ചാത്യ ജനതയുടെമസ്തിഷ്കത്തിൽ സംതൃപ്തി വളൎത്തുവാൻവേണ്ടി മാത്രം നിൎവഹിച്ചിട്ടുള്ളതാണ്.

ഏപ്രിൽ 12

ക്രിപ്സുമായി രസകരമായ ഒരു സംഭാഷണം. (പണിത്തിരക്കുകൾ നിറഞ്ഞ ഒരു മുഴുവൻ ദിവസത്തിനു ശേഷം വ്യാപാര ബോൎഡിന്റെ ചെയർമാൻ എന്ന നിലക്ക തന്റെ ചുമതലകളെല്ലാം ഇവിടെയിരുന്നുകൊണ്ടുതന്നെ നിൎവ്വഹിക്കുന്നതുകൊണ്ടു ക്രിപ്സിന്ന വാസ്തവത്തിൽ പണിത്തിരക്കുകൾ നിറഞ്ഞദിവസമായിരുന്നു അതു്.) അദ്ദേഹം എനിക്കവേണ്ടി അരമണിക്കൂർസമയം നീക്കിവച്ചു. വൈസ്രോയിമന്ദിരത്തിന്റെ അന്തൎഭാഗം ഫൎണീച്ചറിന്റെയും അലങ്കാരവിധാനങ്ങളുടേയും കാൎയ്യത്തിൽ വിക്ടോറിയായുടെകാലത്തെ പഴകിപ്പുളിച്ച ഒരന്തരീക്ഷത്തെയാണ് ഉൾക്കൊള്ളുന്നതു്. പക്ഷെ,ഇംഗ്ലീഷുകാരും ഇന്ത്യക്കാരുമായ ഉദ്യോഗസ്ഥലോകത്തിന്റെ മനഃസ്ഥിതിയെയാണ്, എങ്ങിനെയായാലും അതു് തുറന്നുകാട്ടുന്നതു്. മന്ത്രിസംഘത്തിന്റെ പ്രാരംഭപ്രവൎത്തനങ്ങൾ, അവരുടെ പ്രവൎത്തനസമ്പ്രദായം ഇന്ത്യയിലെ വിവിധരാഷ്ട്രീയശക്തികളെപ്പററി ക്രിപ്സിനുതന്നെയുള്ള സ്വന്തമായ അഭിപ്രായം, ഭാവിയിൽ വരാൻപോകുന്നതിനെപ്പററിയുള്ള പ്രതീക്ഷകൾ എന്നിവയെ സംബന്ധിച്ചിടത്തോളം എത്രയോ കാൎയ്യങ്ങളിൽ വെളിച്ചംവീശുന്ന ഒന്നായിരുന്നു പ്രസ്തുതസംഭാഷണം. ഇന്ത്യയിലെ രാഷ്ട്രീയ സ്ഥിതിയെപ്പററിയുള്ള ക്രിപ്സ്സിന്റെഉളകാത്തതീരുമാനങ്ങളൊ കോൺഗ്രസ്സിന്റെയും ഇന്ത്യയുടെയാകെയും ഭാവിരാഷ്ട്രീയ പ്രവൎത്തനങ്ങളെപ്പററിയുള്ള പ്രവചനങ്ങളൊ മുഴുവൻ യുക്തിയുക്തമാണെന്നു എനിക്ക തോന്നിയില്ലെങ്കിലും ഇന്നത്തെ ബ്രിട്ടീഷ് ഔദ്യോഗികനയത്തെയും കൂടിയാലോചനകളുടെ ഫലമായി ഉണ്ടാകാനിടയുള്ളസ്ഥിതിഗതികളേയും സംബന്ധിച്ചിടത്തോളം ഈ അഭിപ്രായങ്ങൾ എനിക്ക കൂടുതൽ വെളിച്ചം നൽകുകയുണ്ടായി.

ഏപ്രിൽ 13

ഇന്നരാത്രി ഓൾഡ് ദൽഹിയുടെ കേന്ദ്രത്തിൽ ദേശീയമുസ്ലീമിങ്ങൾ (കോൺഗ്രസ്സനുഭാവികൾ) വിളിച്ചുകൂട്ടിയ ഒരു പൊതുയോഗമുണ്ടായിരുന്നു. ഇതിനോടുള്ള പൊതുജനങ്ങളുടെ അനുഭാവവും സഹകരണവും കാണുവാനുള്ള ആഗ്രഹം സ്വാഭാവികമായി എനിക്കുണ്ടായി. 80,000 പേർ പൊതുയോഗത്തിൽ പങ്കുകൊണ്ടു. നിലത്തു വിരിച്ചിരുന്ന വിശാലമായ പായ്കളിൽ അവർ ചമ്രം പടിഞ്ഞിരുന്നു. രാത്രി 9 മണിക്കാണ് യോഗം തുടങ്ങിയതു്. അൎദ്ധരാത്രിയായപ്പോഴേക്കും നെഹ്റു ആ വഴി വന്നു; ഒരു പ്രസംഗവും ചെയ്തു. പ്രധാനപ്രാസംഗികൻ—ഒരു സുപ്രസിദ്ധ മുസ്ലീം ഉൎദ്ദുവാഗ്മിയായ ഇദ്ദേഹത്തിന്റെ ശബ്ദശാസ്ത്രപരമായ പരിശുദ്ധതയും കാവ്യശൈലിയും രാഷ്ട്രീയാഭിപ്രായവ്യത്യാസങ്ങൾ പരിഗണിക്കാതെ തന്നെ പ്രസംഗം മുഴുവൻ കേൾക്കുന്നതിന് സദസ്യരെ ശക്തിയായി ആകൎഷിച്ചുവെന്നു പറയപ്പെടുന്നു—ആറു മണിക്കൂർ നേരം പ്രസംഗിച്ചു. യോഗം അവസാനിച്ചതു്, കാലത്തു 6 മണിക്കാണ്. വിദേശപത്രപ്രതിനിധികൾ ഈ പൊതുയോഗത്തിൽ പങ്കെടുത്തിരുന്നില്ല. അതു ഇവിടെ അവരുടെ ഒററപ്പെട്ടുള്ള നിലയെ പരിഗണിക്കുമ്പോൾ സ്വാഭാവികവുമാണ്. പിറേറദിവസം കാലത്തു്, ഞായറാഴ്ച ദിവസങ്ങളിൽ കാലത്തു സാധാരണ ചേരാറുള്ളതായ, ഒരു ചെറിയ വിദേശപത്രപ്രതിനിധിയോഗത്തിൽ ഞാൻ സന്നിഹിതനായി. ലണ്ടൻ'ടൈംസി'ന്റെയും (ടൈംസിന്റെ പ്രതിനിധിക്ക് വല്ലാതെ ശുണ്ഠികയറിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ നീക്കംപോക്കില്ലാത്ത തീരുമാനമാണ്,ഇന്ത്യയിൽ ജനാധിപത്യവാദികൾ ഇല്ലേ? ഇല്ല" എന്നതു്) 'ന്യൂയോൎക്ക്ടൈംസിന്റെയും ബി ബി.സി യുടേയും, ഡെയിലി ഹെറാൾഡിന്റെയും, ന്യൂസ്ക്രോണിക്കിളിന്റെയും' മററും പ്രതിനിധികളായി ഒരു ഡസൻപേർ ഇതിൽ പങ്കെടുത്തിരുന്നു. അവരിലാൎക്കും തലേന്നാളത്തെ പൊതുയോഗത്തെ സംബന്ധിച്ചു യാതൊരു വിവരവുമില്ലായിരുന്നെന്നു് എനിക്ക മനസ്സിലായി. ലീഗിന്നാണ് മുസ്ലീമങ്ങളുടെ നൂറുശതമാനം പിൻബലമുള്ളതെന്ന ഔദ്യോഗിക 'സിദ്ധാന്തത്തെ ചോദ്യംചെയ്യാതെ തന്നെ അംഗീകരിക്കുകയെന്ന അവരുടെ സ്വഭാവത്തെവെച്ചു നോക്കുമ്പോൾ, പ്രസ്തുത പൊതുയോഗത്തിന്റെ വലിപ്പത്തെയും സമാധാനപരമായ നടപ്പിനെയുംപററി കേട്ടപ്പോൾ അവർ അത്യന്തം അത്ഭുതപ്പെട്ടുപോയി എന്നതു് സ്വാഭാവികം മാത്രമാണ്.

പിറേറദിവസം വൈകുന്നേരം മുസ്ലീംലീഗ് വിളിച്ചുകൂട്ടിയ ഒരു യോഗത്തിൽ 120000 പേർ പങ്കെടുത്തുവെന്നതും പ്രത്യേകം പ്രസ്താവ്യമാണ്. ഒരു പക്ഷെ രണ്ടു യോഗങ്ങളിലേയും സദസ്യരിൽ ഒരു ഭൂരിഭാഗം ഒരേകൂട്ടർ തന്നെയാണെന്നു വരാം. എങ്കിലും രണ്ടു യോഗങ്ങളും തികച്ചും ശാന്തമായും സമാധാനപരമായും തന്നെ നടത്തുവാൻ കഴിഞ്ഞു. ന്യൂദൽഹിയിൽ കത്തികളും കുന്തങ്ങളും കൂട്ടംകൂട്ടമായി മൊത്തത്തിൽവാങ്ങുന്നുണ്ടെന്ന കഥകൾ പ്രചരിപ്പിക്കുന്ന കിംവദന്തികളെ ആശ്രയിച്ചുകൊണ്ടു ഏതാനും നിക്ഷിപ്ത താൽപ്പൎയ്യക്കാർ നടത്തുന്ന പ്രചരണത്തോളം തന്നെ ശക്തിമത്തല്ല. ഒരു പക്ഷെ വരാൻ പോകുന്ന ഒരു ആഭ്യന്തരസമരത്തിന്റെ സൂചനകൾ അടങ്ങുന്നതാണെന്നു ഊന്നിപ്പറയുവാൻ അവക്കിടകൊടുക്കുന്ന ഇവിടുത്തെ അന്തരീക്ഷം എന്നു വരാം. എങ്കിലും,ഭാവിയിൽ രാഷ്ട്രീയ സ്ഥിതിയിൽ ആശാസ്യമല്ലാത്ത എന്തെങ്കിലും സംഭവവികാസമുണ്ടാവുകയാണെങ്കിൽ അതു എത്രയും ഗൌരവമായ ഫലങ്ങളെയാണ് ഉളവാക്കുവാനിടയുള്ളതു് എന്നു തീൎത്തു പറയാവുന്നതാണ്.

# പുതിയ പത്രങ്ങൾ

## യുവകേരളം. (ദിനപ്പത്രം)

കൊല്ലം.

പത്രാധിപർ:-
കെ. കെ. ചെല്ലപ്പൻപിള്ള.

ഇക്കഴിഞ്ഞ അഞ്ചാറുകൊല്ലങ്ങൾകൊണ്ടു് കേരളത്തിൽ ദിനപ്പത്രങ്ങളുടെ സംഖ്യ വല്ലാതെ വൎദ്ധിച്ചിട്ടുണ്ട്. പല പുതിയ പത്രങ്ങളും പുറപ്പെടുവാൻ പോകുന്നതായും നാം അറിയുന്നുണ്ട്, പക്ഷെ ഈ പത്രപ്പെരുപ്പംകൊണ്ടു് കേരളത്തിനു അഭിമാനിക്കുവാനല്ല, ലജ്ജിക്കുവാനാണ് വകയുള്ളതു്. നമ്മുടെപത്രങ്ങളിൽ അല്പം ചിലവയൊഴിച്ചു ശേഷമെല്ലാം വെറും സേവയ്ക്കും തൻകാൎയ്യലാഭത്തിനും വേണ്ടിമാത്രമാണ് നടത്തപ്പെടുന്നതെന്നുള്ള പരമാൎത്ഥം മറക്കാവുന്നതല്ല. പ്രത്യേകിച്ചും തിരുവിതാംകൂറിലെ പത്രങ്ങൾ ചില വ്യക്തികളുടെകീശവീൎപ്പിക്കുന്നതിനും പൊതുജനങ്ങളെ വഞ്ചിക്കുന്നതിനുംവേണ്ടിമാത്രമാണ്നടത്തപ്പെടുന്നതെന്നുള്ളതു് എത്രയൊ ലജ്ജാവഹമായിരിക്കുന്നു. രാമകൃഷ്ണപിള്ളയുടെ സ്വദേശാഭിമാനിയും, ബാലകൃഷ്ണപിള്ളയുടെ കേസരിയും, മാധവവാൎയ്യരുടെ മലയാളിയുംപൌരുഷത്വത്തോടുകൂടിയ പത്രപ്രവൎത്തനത്തിനു മാൎഗ്ഗദൎശകങ്ങളാണെങ്കിലും നമ്മുടെ ഇന്നത്തെ പത്രപ്രവൎത്തകന്മാൎക്ക സേവയോടാണ് മമത. ഈ ചുററുപാടിൽ, ശ്രീ. കെ.കെ. ചെല്ലപ്പൻപിള്ളയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന യുവകേരളത്തെ സ്വീകരിക്കുന്നതിൽ കേരളീയൎക്ക് അത്യധികമായ സന്തോഷമാണുള്ളതു്. യുവകേരളം ആരംഭിച്ചിട്ട് മൂന്നാഴ്ചയെ കഴിഞ്ഞിട്ടുള്ളു. ജനങ്ങളുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും തന്റേടത്തോടുകൂടി പറയുന്നതിൽ ഈ പത്രത്തിനുള്ള താല്പൎയ്യത്തെ അഭിനന്ദിക്കാതിരിക്കുവാൻ നിവൃത്തിയില്ല. വാൎത്തകൾ ഒളിക്കാതെയും മറയ്ക്കാതെയും വകതിരുവോടുകൂടിയും ആകൎഷകമായും പ്രസിദ്ധപെടുത്തുന്നതിൽ യുവകേരളം വളരെ ശ്രദ്ധിക്കുന്നുണ്ട്. സ്വതന്ത്രമായപത്രപ്രവൎത്തനത്തിനു മാൎഗ്ഗദൎശിയായി യുവകേരളം മുന്നോട്ടുപോകട്ടെ എന്നാണ് പ്രസന്നകേരളത്തിന്റെ ആശംസ.

പി. എ. പരമേശ്വരൻനായർ

# മലയാളത്തിൽ സിനിമ

സിനിമ ഇന്നു നമ്മുടെ ദൈനംദിന ജീവിതത്തിൽ അലിഞ്ഞുചേർന്നു കഴിഞ്ഞു. സിനിമാ കണ്ടിട്ടില്ലാത്ത ജനങ്ങൾ കുഗ്രാമങ്ങളിൽ പോലും കാണുകയില്ല. യാതനാമയമായ ജീവിതഭാരം പേറി തളർന്നു ജീവിതത്തെരുവിൽ കൂടി നീന്തിയും ഇഴഞ്ഞും മുന്നോട്ടു നീങ്ങുന്ന ജനതതിയ്ക്കു കുറെ മണിക്കൂറു നേരത്തേയ്ക്കു തങ്ങളെത്തന്നെ മറക്കാനും ആനന്ദത്തിൽ ലയിയ്ക്കാനും ഉപകരിയ്ക്കുന്ന സിനിമ ഒരർത്ഥത്തിൽ ഒരനുഗ്രഹമാണ്. സിനിമയുടെ വ്യവസായവശം പണക്കാരെ ആകർഷിയ്ക്കുമ്പോൾ പ്രചാരണോദ്ദേശകൃതികളെ ആനന്ദം കൊള്ളിയ്ക്കുന്ന അഭിനയം, സംഗീതം, നൃത്തം, നാട്യം, കഥാബന്ധം, ചിത്രമെഴുത്ത് എന്നിങ്ങനെ അനേകം സുന്ദരകലകളുടെ സമാഹാരമാണ് സിനിമ. കലാകൊലപാതകത്തിനു കുപ്രസിദ്ധി സമ്പാദിച്ച തമിൾ സിനിമ, വീണ്ടും കാണണമെന്ന നമ്മിൽ പലർക്കും ആഗ്രഹമുദിയ്ക്കാറില്ലെങ്കിലും നാം വീണ്ടും 'ടിക്കററു' വാങ്ങി പ്രേക്ഷാഗൃഹത്തിൽ സ്ഥലം പിടിയ്ക്കുന്നു. സിനിമയുടെ ചലനാത്മകത്വം നമ്മെ ആകർഷിയ്ക്കുന്നുണ്ട്. നമ്മുടെ ജന്മവാസനകളുമായി അനുരണനം പ്രാപിയ്ക്കുവാനുള്ള ഒരു പ്രാപ്തിവിശേഷം സിനിമയ്ക്കുണ്ട്. ലോകസഞ്ചാരം കൂടാതെ ഒരു ചെറിയ ലോകസഞ്ചാരത്തിന്റെ ഗുണഫലങ്ങൾ നമുക്ക് അതിൽ നിന്നു ആസ്വദിയ്ക്കുവാൻ കഴിയുന്നു. വിഭിന്ന ദേശങ്ങളിലെ സമുദായക്രമങ്ങളും, ജീവിതരീതിയും, മററും മററും നമുക്കു സിനിമയിൽ നിന്നു ചെറിയ തോതിലെങ്കിലും മനസ്സിലാക്കുവാൻ കഴിയുന്നുണ്ട്. ബോധപൂർവ്വം പ്രയോഗിയ്ക്കുകയാണെങ്കിൽ വിനോദം മാത്രമല്ല, വിജ്ഞാനസമ്പാദനവും, സാംസ്കാരികാനുഭൂതികളും നമുക്ക് അതിൽ നിന്നു സിദ്ധിയ്ക്കുകതന്നെ ചെയ്യും. പാശ്ചാത്യരാജ്യങ്ങൾ സിനിമകൊണ്ട് സാധിയ്ക്കുന്ന മഹത്തായ കാര്യങ്ങൾ നമുക്കിനിയും വായിച്ചറിയേണ്ടതായിട്ടാണ് ഇരിയ്ക്കുന്നതു്.

ഭാരതത്തിലെ പ്രധാന ഭാഷകളിലെല്ലാം സിനിമാ ആവിർഭവിച്ചുകഴിഞ്ഞു. ഒരു ആദായകരമായ വ്യവസായമെന്നനിലയ്ക്കു പണക്കാരുടെ ദൃഷ്ടി സിനിമാവ്യവസായത്തിൽ ആഞ്ഞുപതിഞ്ഞിരിയ്ക്കുകയാണ്. പ്രചരണത്തിന്റെ തണലിൽ നിന്നുകൊണ്ട് കാളറാബീജം വിററിട്ടായാലും പണമുണ്ടാക്കണമെന്നു ആഗ്രഹിയ്ക്കുന്ന മുതലാളികളുടെ കയ്യിൽ സിനിമാ വ്യവസായം ചെന്നു കുടുങ്ങിയിരിയ്ക്കുകയാണ്. ഒരു ദേശീയകലഎന്ന നിലയിൽ പൊതുജനത്തിന്റെ മേൽ സ്വാധീനശക്തി ചെലുത്താൻ സാധിയ്ക്കുന്ന സിനിമാ ആദായമാത്രദൃഷ്ടികളായ മുതലാളിമാരുടെ കൈക്കുടന്തയിൽ ഒതുങ്ങിക്കിടക്കുന്നതു് സാംസ്കാരികമായി അധഃപതനത്തിനു നിദാനമാണ്. ഇൻഡ്യൻ സിനിമകളെപ്പററി ചിന്തിയ്ക്കുമ്പോൾ ഹിന്ദിഭാഷയിൽ ചില നല്ല സിനിമകൾ ഉണ്ടായിട്ടുണ്ടെന്നു സമ്മതിയ്ക്കാതിരിയ്ക്കുവാൻ നിവൃത്തിയില്ല. അഭിനയകലയെപ്പററി ബോധമുള്ള കുറച്ചു നടീനടന്മാരും കലാബോധമുള്ള ചില ഡയറക്ടറന്മാരും ഉണ്ടായതുമൂലമാണ് ഹിന്ദിയിൽ ചില നല്ല ചിത്രങ്ങൾ ഉണ്ടാകാൻ കാരണം. തെക്കെ ഇൻഡ്യയിൽ സിനിമാ വ്യവസായം കലാധർമ്മങ്ങളെ വിസ്മരിച്ചു ഒരു വ്യവസായമെന്ന നിലയിൽ അധഃപതിച്ചിരിയ്ക്കുകയാണ്. കലാബോധമോ, അഭിനയപാടവമോ, സംഗീതജ്ഞാനമോ ഇല്ലാത്ത നടീനടന്മാരെ ചേർത്തു പടം പിടിച്ചു പണമുണ്ടാക്കുന്നതിൽ തമിൾ സിനിമാവ്യവസായികൾ കാണിയ്ക്കുന്ന ശുഷ്ക്കാന്തി അനിതരസാധാരണമാണ്. പൊതുജനങ്ങളുടെ അജ്ഞതയിൽ ഊന്നിനിന്നുകൊണ്ട് നിർല്ലജ്ജം ധനസമ്പാദനം നടത്തുന്ന തമിൾസിനിമയെ നിയന്ത്രിയ്ക്കുവാൻ സെൻഷർ ബോർഡ്പോലും ശ്രദ്ധിയ്ക്കാതിരിക്കുന്നതു സാഹസമെന്നല്ലാതെ എന്തു പറയട്ടെ. തെക്കെ ഇൻഡ്യയിലെ സിനിമാവ്യവസായത്തിൽ കലാബോധത്തിന്റെ വെള്ളിവരകൾ ദർശിക്കണമെങ്കിൽ തെലുങ്കുഭാഷയിൽ നിർമ്മിച്ചിട്ടുള്ള അപൂർവ്വം ചില ചിത്രങ്ങൾ കാണേണ്ടിയിരിക്കുന്നു. മി. ബി. എൽ. റെഡ്ഡി മുതലായ ചില ഡയറക്ടറന്മാരും അപൂർവ്വം ചില നടീനടന്മാരും സിനിമാ ഒരു കലാസൃഷ്ടിയാണെന്നുള്ള ബോധത്തോടെ പ്രവർത്തിച്ചിട്ടുണ്ടെന്നുള്ള വിവരം ഈ അവസരത്തിൽ അനുസ്മരിയ്ക്കേണ്ടിയിരിക്കുന്നു.

മലയാളത്തിൽ സ്വതന്ത്രചലച്ചിത്രങ്ങൾ ആവിർഭവിച്ചിട്ടുണ്ട്. 'ബാലൻ' 'ജ്ഞാനാംബിക' 'പ്രഹ്ലാദൻ' എന്നിങ്ങനെ മൂന്നെണ്ണം. ഇവ മൂന്നും തമിഴരുടെ പണമുടക്കിലും നേതൃത്വത്തിലുമാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്നറിയുമ്പോൾ അതിന്റെ കലാപരമായ മൂല്യം നമുക്കു തികച്ചും മനസ്സിലാകുന്നുണ്ട്. 'പ്രഹ്ലാദനു കഴിക്കാൻ 'പാലും പല്ലാരവും' കൊണ്ടുവരാൻ പറയത്തക്കവിധം ഭാഷാജ്ഞാനമുള്ളവരാണ് ഈ സിനിമകളിൽ ചിലതു അഭിനയിച്ചിട്ടുള്ളതെന്നു പറയുന്നതുതന്നെ കേരളീയർക്കു അഭിമാനക്ഷയമാണ്. ഹൃദയത്തെ സ്പർശിക്കുന്ന ഒരു രംഗമോ ആത്മാവിനെ ഉണർത്തുന്ന ഒരു സംഗീതമോ കേരളീയജീവിതത്തിന്റെ നേരിയ പ്രതിഫലനമെങ്കിലുമോ ഈ സിനിമകളിൽ നിന്നു സിദ്ധിയ്ക്കുന്നില്ലെന്നുള്ളതു് തുലോം ശോചനീയമായ ഒരു പരമാർത്ഥമാണ്. കഥകളിക്കാരും സംഗീതനാടകക്കാരുമാണ് മലയാളത്തിലെ സിനിമാനടന്മാരായി രംഗത്തിൽ പ്രത്യക്ഷപ്പെട്ടതു്. കഥാനിർമ്മാണത്തിൽ കേരളത്തിലെ കലാബോധമുള്ള കാഥികന്മാരുടെ സേവനം ആവശ്യപ്പെട്ടില്ല. മലയാളഭാഷ എന്തെന്നറിയാൻ പാടില്ലാത്ത ഡയറക്ടറന്മാരുടെ മേൽനോട്ടത്തിൽ എടുക്കപ്പെട്ട ചിത്രങ്ങൾ പരാജയമടഞ്ഞില്ലെങ്കിൽ അതാണ് അത്ഭുതം. അഭിനയവേളയിൽ, ഏററ കൃത്യം ഭംഗിയായി നിർവ്വഹിക്കുവാനല്ല, കിട്ടിയ സമയംകൊണ്ട 'തൊഴുത്തിൽ കുത്തി' ചുമതലാബോധമില്ലാത്തവരെന്നു പേരു കേൾക്കുവാനാണ് നടന്മാരിൽ ചിലർ ശ്രമിച്ചതു്. കഴിഞ്ഞതു് കഴിഞ്ഞു. ഭാവിയെപ്പററി നമുക്കു ചിന്തിയ്ക്കാം.

കേരളക്കരയിൽ സിനിമാപടം പിടിയ്ക്കുന്നതിനായി മൂന്നു നാലു സിനിമാക്കമ്പനികൾ സംഘടിപ്പിച്ചിട്ടുള്ളതായി അറിയുന്നു. കേരളത്തിനു സ്വന്തമായി ഒരു 'സ്റ്റുഡിയോ' ഇല്ലെങ്കിൽ ആരെല്ലാം എത്ര തന്നെ ശ്രമിച്ചാലും ഒന്നാംതരം പടങ്ങളെടുക്കുവാൻ നമുക്കു കഴിയുമെന്നു തോന്നുന്നില്ല. കൂലിയ്ക്കുവേണ്ടി പ്രവർത്തിയെടുക്കുന്നവർ ആത്മാർത്ഥതയേക്കാൾ പണത്തെ കൂടു

---

## അമീൻ

(പ്രതിവാരിക) തൃശ്ശൂർ. പത്രാധിപർ:-ഏ. ഐ. ഖാലിദ്.

കേരളസംസ്ഥാനമുസ്ലീംമജ്‌ലിസിന്റെ മുഖപത്രമാണ് അമീൻ. ജി. ശങ്കരക്കുറുപ്പ്, കെ. എ. ദാമോദരമേനോൻ മുതലായവരുടെ ലേഖനങ്ങളുൾക്കൊള്ളിച്ചുകൂടിയതാണ് ഒന്നാംലക്കം. മഹാനായ അബ്ദുൽറഹിമാന്റെ ആധിപത്യത്തിൽ നടന്നിരുന്ന "അൽഅമീന്റെ" തുടർച്ചയെന്നോണം അദ്ദേഹത്തിന്റെ സഹോദരന്റെ പത്രാധിപത്യത്തിൽ പുറപ്പെട്ടുതുടങ്ങിയിരിക്കുന്ന ഈ സഹജീവിക്കു ഞങ്ങൾ മംഗളം ആശംസിക്കുന്നു.

## നവകേരളം

(പ്രതിവാരിക) കോഴിക്കോട്. മാനേജിംഗ് എഡിറ്റർ:- ററി. കൃഷ്ണൻ.

മലബാർ S.N.D.P. യുടെ മുഖപത്രമാണ് നവകേരളം. മലബാറിലും കൊച്ചിയിലും ക്ഷേത്രപ്രവേശനം എളുപ്പത്തിൽ സാദ്ധ്യമാക്കുവാൻവേണ്ടി ശ്രമിക്കുന്ന നവകേരളത്തിനു വിജയാശംസകൾ.

തൽ സ്നേഹിക്കുന്നതു കൊണ്ടു്, എങ്ങിനെയെങ്കിലും 'വഴിവാട കഴിച്ചു'പടം പുറത്തുകൊടുത്തു വിട്ടുവാനായിരിക്കും ശ്രമിക്കുക. കേരളം കുറഞ്ഞപക്ഷം ഒരു സ്റ്റുഡിയോ എങ്കിലും സ്ഥാപിക്കുവാൻ കഴിയാത്തവിധം അത്ര കണ്ടു അസമ്പന്നമൊന്നുമല്ല. നമ്മുടെ പണക്കാർ ഉദാരചിത്തതയോടും ആത്മവിശ്വാസത്തോടുംകൂടി പണം മുടക്കി സ്റ്റുഡിയോ സ്ഥാപിച്ചാൽ പുറത്തുനിന്നും ആവശ്യക്കാർ നമ്മുടെ സ്റ്റുഡിയോ അന്വേഷിച്ചു് എത്താതിരിക്കുകയില്ല. തികഞ്ഞ സാങ്കേതിക സൗകര്യമുള്ള ഒരു സ്റ്റുഡിയോ കേരളത്തിൽ ഉണ്ടായാൽ അതു് ആദായകരമായിരിക്കുമെന്നു് പറയാൻ അത്രകണ്ടു ദീർഘദർശനസാമർത്ഥ്യം ഒന്നും ആവശ്യമില്ല. ഭാരതത്തിലുള്ള സ്റ്റുഡിയോകൾ ഭാരതത്തിന്റെ ആകെ മൊത്തം ആവശ്യത്തിനു മതിയാകാതിരിക്കുകയാണു്. സ്റ്റുഡിയോകളിൽ, പണം കൊടുത്തിട്ടാണെങ്കിൽ കൂടി, 'അവസരം' കിട്ടുവാൻ ഇന്നു സിനിമാക്കമ്പനികൾ കാത്തുകിടക്കുകയാണു്. പോരെങ്കിൽ കേരളം പ്രകൃതിരമണീയമാണു്. നമ്മുടെ ഭൂവിഭാഗകാഴ്ചകളും, തോടും, പുഴകളും, പ്രകൃതിദത്തമായ കിഴക്കൻ പൂങ്കാവനങ്ങളും സിനിമാക്കമ്പനികളെ ആകർഷിക്കുമെന്നുള്ളതു് തീർച്ചയാണു്. എങ്ങിനെ ആയാലും ഒരു സ്റ്റുഡിയോ ഒരിക്കലും നഷ്ടമായിരിക്കുമെന്നു തോന്നിന്നില്ല. നല്ല സ്റ്റുഡിയോയിൽ നിന്നേ നല്ല പടങ്ങൾ ഇറങ്ങുകയൊള്ളു. നമുക്കു ആദ്യമായി ഒരു സ്റ്റുഡിയോ ഉണ്ടായെങ്കിൽ?

സിനിമായിൽ ഡയറക്ഷനുള്ള സ്ഥാനം അദ്വിതീയമാണെങ്കിലും കഥയാണല്ലോ സിനിമായിലെ പ്രഥമവും പ്രധാനവുമായ ഘടകം. ക്രിയാംശപ്രധാനമായി കഥകളെഴുതുവാൻ പ്രാപ്തിയുള്ള ഒന്നാംതരം കലാകാരന്മാരായിരിക്കണം സിനിമായ്ക്കു കഥയെഴുതുന്നതു്. സാമുദായികകലകളായിരിക്കണം ഇനി മേലാൽ സിനിമായ്ക്കു തെരഞ്ഞെടുക്കപ്പെടേണ്ടതെന്നുള്ളതു് അവശ്യാൽ ആവശ്യമാണു്. പക്ഷെ ഒന്നു നാം പരിഗണിക്കേണ്ടതുണ്ടു്. നമ്മുടെ സാമാന്യജനങ്ങളിൽ തമിഴ സിനിമാക്കാർ ചെലുത്തിക്കൊണ്ടിരിക്കുന്ന സ്വാധീനശക്തി നിസ്സീമമാണു് പുരാണകഥകളെ വളച്ചുതിരിച്ചും, വികൃതമാക്കിയും, ആവർത്തിച്ചു ആവർത്തിച്ചു പ്രയോഗിച്ചു അവർ നമ്മുടെ ആളുകളുടെ രസബോധത്തേയും സംസ്കാരമൂല്യത്തേയും ദുഷിപ്പിച്ചു കഴിഞ്ഞിരിക്കുന്നു ഫലിതത്തിന്റെ പേരും പറഞ്ഞു അവർ കാണിച്ചുകൂട്ടിയിട്ടുള്ള 'ആഭാസ്യത്തരങ്ങൾ നമ്മുടെ സിനിമാ ഹാളുകളിൽ വിററഴിയുന്നതിന്റെ പരിമാണം നാം ആലോചിക്കേണ്ടതാണു്. നല്ല നിലയിൽ ഒരു പുരാണചിത്രമായിരിക്കണം. അതുകൊണ്ടു് ആദ്യമായി മലയാളത്തിൽ ഉണ്ടാകേണ്ടതു് എന്നു ഞാൻ വിശ്വസിക്കുന്നു.

അടുത്തതു് ചരിത്രപശ്ചാത്തലത്തിൽ നിർമ്മിക്കപ്പെടുന്ന ഒരു ചിത്രം പുരാണത്തിൽ നിന്നോ ചരിത്രത്തിൽ നിന്നോ കഥാസന്ദർഭങ്ങൾ സ്വീകരിക്കുന്നതു് ഹീനമാണെന്നു തോന്നുന്നില്ല അതിനു രൂപം കൊടുക്കുന്നതിലാണു് നാം ശ്രദ്ധിയ്ക്കുവാനുള്ളതു്. ശ്രീമാൻ വൈലോപ്പിള്ളി ശ്രീധരമേനോന്റെ "ജലസേചനം„ എന്ന കവിത ഒരു പുരാണകഥാസന്ദർഭത്തെ ആധാരമാക്കി എഴുതിയതാണു്. ഇന്ദ്രന്റെ ദുരധികാരപ്രമത്തതയെ എതിർത്തു കൃഷിക്കാർക്കു നേതൃത്വം കൊടുത്ത ഹലധരനെ മാതൃകാകൃഷിക്കാരനായി ചിത്രീകരിക്കുന്ന ആ കവിത ശ്രീ. പി. കേശവദേവിനുപോലും ആദരണീയമാണെന്നു ഇതെഴുതുന്ന ആൾ വിശ്വസിക്കുന്നു. അധിരഥന്റെ പുത്രനായി വളന്നു ജീവിതാന്ത്യംവരെ പൗരുഷപുലർത്തുന്നതിനും കർത്തവ്യനിർവഹണത്തിനും വേണ്ടി അടരാടി, അരാതിയുടെ ചരിത്രപ്രയോഗത്താൽ വിരമരണം അടയേണ്ടിവന്ന കർണ്ണന്റെ ജീവിതം നമുക്കു എന്തുകൊണ്ടു ഒരു സിനിമായ്ക്കുള്ള ഇതിവൃത്തമായി സ്വീകരിച്ചുകൂടാ. സ്വീകരിക്കാമെന്നു ഞാൻ വിശ്വസിക്കുന്നു. പുരാണകഥകളോ ചരിത്ര കഥകളോ ആണെങ്കിൽ അഭിനയിക്കുന്നവർക്കു അല്പംലാഘവം സിദ്ധിക്കുമെന്നുള്ളതു് തീർച്ചയാണു്. മേൽ പറയപ്പെട്ട കഥകളിൽ യഥാർത്ഥമായ അഭിനയം ആവശ്യമില്ല. ആർഭാടപൂർണ്ണമായ വസ്ത്രവിശേഷങ്ങളും, മിന്നിത്തിളങ്ങുന്ന കരവാളങ്ങളും മററും പ്രേക്ഷകരുടെ ശ്രദ്ധയെ പിടിച്ചുനിറുത്തും. ആ രീതി തികച്ചും കൃത്രിമമാണെങ്കിലും ഇന്നത്തെ ദുഷിച്ച വാസനയിൽനിന്നു നമ്മുടെ ആളുകളെപ്രതി നിവർത്തിപ്പിക്കുവാൻ അതു കുറച്ചു ആവശ്യമാണെന്നു ഞാൻ വിശ്വസിക്കുന്നു. തികഞ്ഞ ആദർശാൽമകത്വത്തിൽ ഊന്നിനിന്നുകൊണ്ടു പരാജയം വരിയ്ക്കുന്നതിൽ ഭേദം പടിപടിയായുള്ള വിജയമാണു്. സിനിമായ്ക്കു വ്യവസായപരമായ ഒരു വശംകൂടിയുണ്ടെന്നുള്ള കാര്യം നാം വിസ്മരിക്കരുതു്.

തികഞ്ഞ കലാബോധവും നിരൂപണബുദ്ധിയും, മനഃശാസ്ത്രജ്ഞാനവും കേരളീയരേയും, കേരളീയരുടെ സാമുദായിക ജീവിതത്തേയും പററി അറിവും ഉള്ള ആളായിരിക്കണം ഡയറക്ടർ. സിനിമയുടെ സംവിധാനത്തിൽ മാത്രമല്ല, നടന്മാരെ തെരഞ്ഞെടുക്കുന്ന കാര്യത്തിലും അയാൾ സമർത്ഥനായിരിക്കണം. ഡയറക്ടരുടെ കലാബോധവും നിരൂപണബുദ്ധിയുമാണു് സിനിമയുടെ വിജയത്തിനു നിദാനം.

നടന്മാർ:-കലാബോധവും, അഭിനയവിദ്യയെന്തെന്നു അറിയാവുന്നവരുമായിരിക്കണം നടീനടന്മാർ. സംഗീതനാടകവേദിയിൽ നിന്നും ഒരിക്കലും സിനിമായ്ക്കു നടീനടന്മാരെ തെരഞ്ഞെടുക്കരുതു്. സിനിമയും നാടകവും രണ്ടാണു്. നാടകത്തിൽ നാൻ അഭിനയിച്ചാൽ മതി; സിനിമായിൽ അയാൾ ജീവിയ്ക്കുകയാണു വേണ്ടതു്. നമ്മുടെ സംഗീതനാടകത്തിലെ നടീനടന്മാരിൽ ആരുംതന്നെ സിനിമായിൽ വിജയകരമാവണ്ണം അഭിനയിയ്ക്കാൻ പ്രാപ്തരല്ല. സംഗീതനാടകത്തിലെ നടന്മാരിൽ സിംഹഭാഗവും 'പാട്ടുകാരാ'ണു്; അവർക്കു സംഗീതജ്ഞാനമോ, അഭിനയകുശലതയോ, കലാബോധമോ, ഔചിത്യബുദ്ധിയോ ഇല്ല, പരാജയമടഞ്ഞ സംഗീതജ്ഞന്മാരാണു് നാടകവേദിയിലേക്കു തള്ളിക്കയറിയിരിക്കുന്നതു്. സംഗീതത്തെ ഭാവപൂർണ്ണമാക്കുന്നതിനുവേണ്ട സാങ്കേതികജ്ഞാനമോ, ശ്രുതിബോധമോ, താളദാർഢ്യമോ, രസവിശകലനത്തിനുള്ള അഭ്യാസബദ്ധതയോ അവരിൽ ആക്കും തന്നെയില്ല. സാംസ്കാരികമായി അധഃപതിച്ച അവർ നാടകവേദിയ്ക്കുതന്നെ അഭിശാപമാണു്. ഞാൻ ആദ്യമേ പറഞ്ഞുവച്ചതുപോലെ സിനിമയും നാടകവും രണ്ടാണു്. നാടകം രംഗത്തിൽ തുടർച്ചയായി അഭിനയിയ്ക്കുന്നു. അവിടെ സ്ഥായിരസദീക്ഷ പുലർത്താൻ ശ്രദ്ധയും അഭിനയപ്രാപ്തിയുമുള്ള ഒരു നടനു അത്രമേൽ വിഷമമില്ല. സിനിമ അതല്ല. രംഗങ്ങൾ അവിടെ പടിപടിയായി അഭിനയിയ്ക്കുന്നില്ല. "സെററിങ്ങ്സിൽ" അഭിനയിയ്ക്കുന്നതുകൊണ്ടു്, പശ്ചാത്തലങ്ങളുടെ പൊരുത്തം അനുസരിച്ചു തെരഞ്ഞെടുക്കപ്പെടുന്ന രംഗങ്ങളാണു് അവിടെ അഭിനയിയ്ക്കപ്പെടുന്നതു്; അതുകൊണ്ടു ഒരു രസധാരയിൽകൂടി നടനു മുമ്പോട്ടു പോകുക സാദ്ധ്യമല്ല. അവിടെ നടൻ വിജ്ഞനായിരിക്കണം; കലാബോധമുള്ളവനായിരിക്കണം; ഔചിത്യബുദ്ധിയായിരിക്കണം. "ബാലനിൽ അഭിനയിച്ച ഒരു നടൻ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ ഒരു ലേഖനത്തിൽ പരാജയകാരണം മുഴുവനും ഡയറക്ടരിൽ ആരോപിച്ചിരിക്കുന്നതു കണ്ടു. ഡയറക്ടർ എടുത്ത ഹിററ്ലറിസമായിരുന്നത്രെ ആ ചിത്രത്തിന്റെ പരാജയകാരണം. വ്യക്തിത്വമുള്ള ആരേയും ആക്കും ഭരിയ്ക്കാൻ, അനാവശ്യമായി നയിയ്ക്കാൻ സാദ്ധ്യമല്ല പരമാർത്ഥത്തിൽ അതു ഒരു സംയുക്തപരാജയമായിരുന്നു.

സിനിമായ്ക്കു നാം പുതിയ നടീനടന്മാരെ തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. കലാബോധവും, അഭിനയകുശലതയും, അംഗസൗഭാഗ്യവുമുള്ള യുവതീയുവാക്കന്മാർ കേരളത്തിൽ വിരളമല്ല. അവരെ തെരഞ്ഞുപിടിക്കുകയേ വേണ്ടു നമ്മുടെ സിനിമയും, നാടകവും, അതിന്റെ നെട്ടമറയ്ക്കുള്ളിൽ അനുഷ്ഠിച്ചു, അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന കുലീനോചിതമല്ലാത്ത പെരുമാററങ്ങളും, സംസ്കാരരാഹിത്യവും കുപ്രസിദ്ധി സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു. സംഗീതനാടകത്തിൽ ചേന്ന അഭ്യസ്തവിദ്യനായ ഒരു നടൻ— അദ്ദേഹം കുലീനനുമായിരുന്നു—ഇനെ

ഴുതുന്ന ആളോടു പറയുകയുണ്ടായി "സംഗീതനാടകത്തിൽ ചേന്നാൽ മഹാത്മാഗാന്ധിയാണെങ്കിൽ പോലും അധഃപതിച്ചുപോകും. അദ്ദേഹവും മദ്യപിയ്ക്കും, വ്യഭിചരിയ്ക്കും, കള്ളംപറയും" മററും മററും. നമ്മുടെ പാരമ്പര്യം അതു സഹിയ്ക്കുമെന്നു തോന്നുന്നില്ല. വള്ളത്തോൾ ഒരിയ്ക്കൽ പറയുകയുണ്ടായി "ഈശ്വരൻ എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു, ഒരു കയ്യിൽ കലയും, ഒരു കയ്യിൽ സദാചാരവും വച്ചുകൊണ്ടു് ഇതിൽ ഏതുവേണമെന്നു ചോദിച്ചാൽ, ഞാൻ രണ്ടും ആവശ്യപ്പെട്ടുനോക്കും; കിട്ടിയില്ലെങ്കിൽ ആദരവോടുകൂടി കലയെ സ്വീകരിയ്ക്കും" ആ പ്രസ്താവന അടിച്ചിളക്കിയ കൊടുങ്കാററിന്റെ പ്രതിധ്വനി ഇനിയും അവസാനിച്ചുകഴിഞ്ഞിട്ടില്ല.

ശാന്തിനികേതനത്തിൽ നടത്തുന്ന നൃത്തവിദ്യാലയത്തിൽ കുലീനകളായ യുവതികൾ ധാരാളം അഭ്യസനം നടത്തുന്നുണ്ടു്. അതുപോലെ കുലീനതയും, വിദ്യാഭ്യാസവും കലാബോധവുമുള്ള യുവതീയുവാക്കന്മാരെ 'സ്ക്രീ'നിലേക്കു കൊണ്ടുവരുവാൻ കഴിഞ്ഞാലേ നമ്മുടെ സിനിമ വിജയിക്കുകയൊള്ളു. സംഗീതജ്ഞാനമുള്ള നടീനടന്മാരെ കിട്ടുമെങ്കിൽ അതു് നല്ലതാണു്. സംഗീതത്തിനുവേണ്ടി മററു ഗുണങ്ങൾ നാം ബലികഴിക്കരുതു്. സംഗീതം 'പ്ലേബാക്കൻ' സാധിക്കാൻ മാത്രമുള്ളതേയുള്ളു.

സിനിമയിലെ സംഗീതം ഒരു പ്രധാനവിഷയമാണു്. പ്രതിഭയെ കൊഞ്ഞനംകാട്ടുവാനുള്ള ഒരു ബുദ്ധി നമ്മുടെ ഇടയിൽ വളർന്നു വരുന്നതായി കാണുന്നു. "പ്രതിഭ രണ്ടുവിധത്തിലുണ്ടു്. ഒന്നുതുടർച്ചയായുള്ള പരിശ്രമംകൊണ്ടു വളർന്നുവരുന്നതു്. മറെറാന്നു് മാനസികശക്തിയിൽ ഏതെങ്കിലും ഒരു വശത്തിന്റെ അതിക്രാന്തികൊണ്ടു ആകസ്മികമായി വികസിക്കുന്നതു്. ഈ രണ്ടാമത്തെതരത്തിനു അത്രയേറെ അഭ്യാസമൊന്നും വേണ്ട. വലിയ മുന്നാലോചനകൂടാതെ പെട്ടന്നങ്ങു പ്രവർത്തിക്കും. .... പഠിച്ചു പഠിച്ചു ഉറയ്ക്കുംവരെ അവർ മിക്കതിലും പിഴച്ചുപെരുമാറും." സംഗീതജ്ഞർ ഇതിനു മകുടോദാഹരണമാണു്. സംഗീതം ഭാവപൂർണ്ണമാകണമെങ്കിൽ അതിനു അഭ്യാസബലം ആവശ്യമാണു്. അഭ്യാസബലത്തെ ആക്ഷേപിക്കുന്നവർ ഒരു തെററിദ്ധാരണയിൽ അകപ്പെട്ടിരിക്കയാണു്. കർണ്ണാടകസംഗീതത്തിന്റെനേരെയാണു ഈ ആക്രമണമനോഭാവം വർദ്ധിച്ചുകാണുന്നതു്. കർണ്ണാടകസംഗീതം ലക്ഷ്യത്തേക്കാൾ, ലക്ഷണത്തിനു പ്രാധാന്യംകല്പിക്കുന്നു എന്നുള്ള വാദമാണു് അവർ ചുമന്നുകൊണ്ടു നടക്കുന്നതു്. ത്യാഗരാജൻമുതൽ ജി. എൻ. ബി. വരെ അവരുടെ വാദത്തിന്റെ വിപരീതസിദ്ധാന്തത്തിലാണു് നിലകൊള്ളുന്നതു്! അവരെ പഠിക്കാൻ ശ്രമിക്കാതെ അഭിപ്രായം 'പാസാ'ക്കുന്നതാണു് അതിശയം. അതിനും വേണ്ടമല്ലൊ കുറച്ചുശ്രമം.

സംഗീതം ഭാവപൂർണ്ണമാകണമെങ്കിൽ അതിനു അഭ്യാസബലം ആവശ്യമാണു്. ക്ലാസിൽ സംഗീതം ഉപേക്ഷിച്ചാൽതന്നെ സംഗീതം ഭാവത്തിൽ ലയിക്കണമെങ്കിൽ സാങ്കേതികജ്ഞാനവും അഭ്യാസബലവും കൂടിയേ കഴിയൂ. ക്ലാസിക്കൽ സംഗീതം അതിന്റെ അലങ്കാര വൈവിദ്ധ്യങ്ങൾ കൊണ്ടാണു് ഒററപ്പെട്ടു നിൽക്കുന്നതു്. അലങ്കാര വൈവിദ്ധ്യങ്ങളുപേക്ഷിച്ചാൽതന്നെ ഗാനം ശാലീനമായിരിയ്ക്കണമെങ്കിൽ സാങ്കേതികജ്ഞാനവും സാധകശക്തിയും കൂടിയേ കഴിയൂ. നാദസൗകുമാര്യം കുറെ നേരത്തെയ്ക്കു നമ്മെ ആകർഷിച്ചു നിറുത്തിയേക്കും. കഥാഗാത്രത്തിൽ പ്രയോഗിയ്ക്കപ്പെടുന്ന സംഗീതം, സന്ദർഭാനുസൃതവും, രസപോഷണത്തിനുപയുക്തവുമാകണമെന്നില്ല. നാദബിന്ദുക്കളുടെ രാസയോഗത്തിൽനിന്നു ഉദിക്കുന്ന മധുരമനോഹരമായ സിദ്ധിവിശേഷമാണു് ഭാവപൂർത്തിയ്ക്കു നിദാനം. നാം അതിനെ ആദരിയ്ക്കാൻ തയ്യാറുണ്ടോ എന്നാണു് ചോദ്യം! ഇല്ലെങ്കിൽ നാം കലയുടെ ആത്മാവിനെവിസ്മരിക്കുകയായിരിക്കും ചെയ്യുക. നാം അത്രമേൽ ആദരിക്കുന്ന പങ്കജമല്ലിക്കും, സൈഗാളിനുമെല്ലാം അഭ്യാസബലമില്ലാത്തവരാണെന്നു ആരെങ്കിലുംധരിച്ചിട്ടുണ്ടെങ്കിൽ അതു് അബദ്ധമാണു്. പങ്കജമല്ലിക് ഒരൊന്നാംതരം സംഗീതപണ്ഡിതനാണു്. സൈഗാൾ വാസനയെ പടിപടിയായുള്ള അഭ്യാസംകൊണ്ടു വികസിപ്പിച്ച വ്യക്തിയാണു്.

ഇന്നു് സിനിമയിൽ (തമിഴ്, തെലുങ്കു്) നാം കേൾക്കുന്നസംഗീതം ഔചിത്യമില്ലാത്ത സാങ്കര്യംകൊണ്ടു ദുഷിച്ചതാണു്. അവർ പലതിനേയും അനുകരിക്കുന്നു. കർണ്ണാടക സംഗീതത്തിന്റെഭൂമികയിൽനിന്നു കാലുപറിക്കുന്നില്ല. ഹിന്ദുസ്ഥാൻ സംഗീതത്തെ 'ട്യൂണു'കളിൽഅംഗീകരിക്കുന്നു. ഹിന്ദുസ്ഥാൻ സംഗീതത്തിന്റെ ജീവനെന്തെന്നറിയാതെ അതിനെ അനുകരിക്കുന്നതു് പരാജയത്തിനു കാരണമാണു്. അനുകരണം രൂപത്തെയല്ലാതെ ഭാവത്തെ സ്പർശിക്കുന്നില്ല 'ഓക്കസ്ട്ര' പാശ്ചാത്യസംഗീതത്തിന്റെ സന്താനമാണു്. ഒരു നേതാവിന്റെ ആജ്ഞയിൻകീഴിൽ വിവിധ ഗാനയന്ത്രങ്ങൾ ചില സാങ്കേതിക മര്യാദകളനുസരിച്ചു പ്രവർത്തിക്കുകയാണു് 'ആക്കസ്ട്രു' ചെയ്യുന്നതു്. തമിഴ് സിനിമയിൽനിന്നു നാം കേൾക്കുന്നതു്. ചില ഗാനയന്ത്രങ്ങളുടെ 'ആർപ്പുവിളികൾ, മാത്രമാണു്. 'വാദി, സംവാദി'സ്വരദീക്ഷയോടുകൂടി രസപോഷകമാംവിധം ആക്കസ്ട്ര പ്രവർത്തിപ്പിക്കുവാൻ കഴിയും. അതിനു പലതും അറിയേണ്ടതുണ്ടു്. അംഗീകരിക്കുന്ന ഗാനയന്ത്രങ്ങളെപ്പററി ശാസ്ത്രീയമായ അറിവു സമ്പാദിച്ചിരിയ്ക്കണം. 'സ്വര സ്ഥാന'ങ്ങളും സംഗീതത്തിന്റെ പ്രായോഗികവശവുമായുള്ള ബന്ധം ധരിച്ചിരിയ്ക്കണം. രസബോധമുണ്ടായിരിയ്ക്കണം ഇങ്ങനെ പലതും. ഒരു ഉദാഹരണം ഫിഡിലും ഹർമ്മോണിയവും രണ്ടു പാശ്ചാത്യ ഗാനോപകരണങ്ങളാണു്. എന്നാൽ അതിനു തമ്മിലുള്ള മൌലികമായ വ്യത്യാസം ശ്രദ്ധേയമാണു്. ഫിഡിൽ ശ്രുതി ശുദ്ധമാണു്. ഹർമ്മോണിയം അപസ്വരത്തിന്റെ കലവറയാണു്. ഫിഡിലിനു ഗമകാനുസന്ധാനത്തിനുള്ള കഴിവുണ്ടു്. ഹർമ്മോണിയം അവിടെ പരാജിതമാ

---

(2-ാംപേജിൽനിന്നും തുടർച്ച)

യ ശത്രുക്കൾപോലും, ഇതുപോലെ ഒന്നും പറയാറില്ല.....

ബൾഗേറിയൻ—തുർക്കി അതിർത്തിയിൽ സോവിയററു് പട്ടാളം വമ്പിച്ച ഒരുക്കങ്ങൾ ചെയ്യുന്നുണ്ടെന്നു് ഒരു സന്ദേശം അസോസിയേററഡ് പ്രസിന്റെ സോഫിയാപ്രതിനിധി കഴിഞ്ഞാണ്ടിൽ ഒക്ടോബർ 22-ാംനു എഴുതി അയച്ചു. വാസ്തവത്തിൽ അതു കല്ലുവെച്ചനുണയായിരുന്നു. (ന്യൂടൈംസ് മോസ്കോ. 1945 ഡിസംബർ 14)

പത്രപ്രവർത്തനത്തിൽ സത്യസന്ധത നിലനിർത്തുന്നതിനു് പലരും പലമാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ടു്. പക്ഷെ ഇതുവരെ ഒന്നും പ്രായോഗികമായിട്ടില്ല. വാർത്താ ഏജൻസികളുടെ സംഘടനയിൽ മൌലികമായ ഒരുമാററം വരാതെ അതിന്റെ ദോഷങ്ങൾ പരിഹരിക്കപ്പെടുമെന്നു് പ്രതീക്ഷിച്ചുകൂടാ. അതുവരെ പ്രസാധകന്മാരും വായനക്കാരും അവരുടെ യുക്തിയെ കൈവിടാതെ പ്രവർത്തിക്കുകയെന്ന ഒരൊററവഴിയെയുള്ളു.

പ്രസന്നകേരളം

തിരുനാൾ വിശേഷാൽപ്രതി

തുലാം 7-ാംനു-പ്രസിദ്ധപ്പെടുത്തുന്നു

കേരളത്തിലെ മികച്ച എഴുത്തുകാരുടെ കഥകളും കവിതകളും ലേഖനങ്ങളും അടങ്ങിയ ഈടുള്ള സാഹിത്യോപഹാരം. മേനിയുള്ള വെള്ളക്കടലാസ്സിൽ ഭംഗിയായ അച്ചടി. മനോഹരമായ കവർ.

വില 1ക. മാത്രം.

ഏജൻറന്മാർ നേരത്തെ ആവശ്യപ്പെടുക.

RegNo T. 66 **PRASANNAKERALAM** License No. 390 Dated 15-6-1939

ണ്. അതുകൊണ്ടാണ് പണ്ഡിതനെ ഹരുപോലും അതിനെ എതൃക്കുന്നത്.

മലയാളത്തിൽ നാം സൃഷ്ടിക്കുന്ന സാമുദായികചിത്രങ്ങളിൽ ഉചിതമാംവിധം അംഗീകരിക്കുന്ന ദ്രാവിഡവൃത്തത്തിലുള്ള ഗാനങ്ങൾ ഉപയോഗിച്ചുനോക്കുന്നത് നല്ലതാണ്. ഹിന്ദി സിനിമാകളിൽ അങ്ങിനെ ചെയ്യാറുണ്ട്. ചിലർ ഇതിനു അൽപ്പം ഗൗരവക്കുറവു കൽപ്പിച്ചേക്കുമോ എന്നു സംശയമുണ്ട്. അതു് അബദ്ധമാണ്. 'നിജസംഗീത'ത്തിൽ വിശ്വസിക്കുന്നവർ അതിനെ എതൃക്കുമെന്നു തോന്നുന്നില്ല. ശ്രീ അരിയക്കുടി രാമാനുജയ്യങ്കാർ തന്റെ കച്ചേരികളിൽ അത്തരം ഗാനങ്ങൾ സ്വീകരിക്കാറുണ്ട്. സംഗീതഭൂഷണം ശ്രീ എം ആർ ശിവരാമൻനായർ ദ്രാവിഡവൃത്തങ്ങളിലുള്ള ഗാനങ്ങൾ വിജയകരമാംവിധം പാടുന്നത് ഇതെഴുതുന്നയാളെപ്പോലെതന്നെ പലരും കേട്ടിരിക്കുമെന്നു വിശ്വസിക്കുന്നു. ഗാനങ്ങളുടെ ശാലീനതക്കും, സന്ദർഭശുദ്ധിക്കും രസപോഷണത്തിനും അതു പര്യാപ്തമാകുമെന്നു ഞാൻ വിശ്വസിക്കുന്നു. മലയാള സിനിമകളിൽ അംഗീകരിച്ച ഗാനങ്ങളുടെ പരാജയത്തിനു കാരണം അതു പാടിയവരുടെ അപ്രാപ്തി മാത്രമല്ല: ഒറിജിനാലിററിയില്ലാത്ത ഗാനനിർമ്മാണം കൂടിയാണ്.

ഫോട്ടോഗ്രാഫി, സെററിങ്ങ് എഡിററിങ്ങ് എന്നിതെല്ലാം സിനിമായുടെ സാങ്കേതികവശങ്ങളാണ്. നമുക്ക് അതിനെപ്പററി അധികം വിവരിക്കേണ്ട ആവശ്യമില്ല.

മലയാളത്തിൽ ഉടനെതന്നെ ചില പടങ്ങൾ ഉണ്ടാകുമെന്നു തോന്നുന്നു. പടം പിടിക്കാൻ തുടങ്ങുന്നതിനുമുമ്പു തന്നെ നമുക്കുള്ള അഭിപ്രായങ്ങൾ പറയുകയും പ്രായോഗികനിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. പടം പുറത്തുവന്നു കഴിഞ്ഞാൽ അതു നാടുതോറും ഓടുകതന്നെ ചെയ്യും. പടം പുറത്തു വന്നതിനുശേഷം നാം ചെയ്യുന്ന ഏതുതരം വിമർശനങ്ങളും അസ്ഥാനസ്ഥങ്ങളായിരിക്കും.

---


## ഭാരതഹൃദയം

By

സി. ഐ. രാമൻനായർ

ഗാന്ധി, നെഹ്റു, അസാദ്, പ്രസാദ്, ജിന്നാ ഇവരുടെ തൂലികാചിത്രങ്ങൾ വില 1ക.

**വിക്ടറി ബുക്ക്സ്റ്റാൾ**

**പാലാ**

## കാൽസിഫെറോ

(രജിസ്റ്റേർഡ്)

കൈകാലുകൾ മെലിഞ്ഞും, നെഞ്ചുന്തിയും, വയർ ചാടിയും, കവിൾ വീർത്തും, വിളറിയും തീരെ ആരോഗ്യം നശിച്ച കുട്ടികൾക്കു ഏററവും ഉത്തമമായ ടോണിക്ക്. കുഞ്ഞുങ്ങൾക്കു ദഹനസംബന്ധമായുണ്ടാകുന്ന സകല തകരാറുകളും നിശ്ശേഷം മാറുന്നു

അസ്ഥിവളർച്ചയ്ക്കും ശരീരപുഷ്ടിക്കും ഉത്തമം

ഫലസിദ്ധിയുള്ള പല അപൂർവ്വ ഔഷധങ്ങളുടെ രസവും, കാൽസിയം; ഇരുമ്പ്, മഗ്നേഷ്യം മുതലായ ധാതുദ്രവ്യങ്ങളും തേനും മാൾട്ടും ചേർത്തു ശാസ്ത്രീയമായി തയാർ ചെയ്തിട്ടുള്ളത്.

എല്ലാ മരുന്നുഷാപ്പുകളിലും കിട്ടും

## ധാതുകല്പം

നിങ്ങളുടെ ശരീരം എവർക്കും സങ്കടകരമാംവിധം മെലിഞ്ഞും ധാതുശക്തി നിങ്ങളുടെ അഭിമാനത്തേയും ആനന്ദത്തേയും നശിപ്പിക്കത്തക്ക രീതിയിൽ ക്ഷയിച്ചും ഇരുന്നുകൊള്ളട്ടെ! നിങ്ങൾ വൃദ്ധനായാലും യുവാവായാലും ശരി; ധാതുകല്പം നിങ്ങളുടെ ശരീരത്തിൽ എല്ലാ അവയവങ്ങൾക്കും മാംസപേശികൾക്കും ശരിയായ പുഷ്ടിയും ബലവും ഓജസ്സും ഉളവാക്കി ശരീരം പുഷ്ടിപ്പെടുത്തുകയും, ധാതുശക്തിയെ പതിന്മടങ്ങു വർദ്ധിപ്പിച്ചു നിത്യയൗവനം പുനഃസ്ഥാപിക്കുകയും ചെയ്യുന്നു. ലിംഗശൈഥില്യത്തെ അകററുന്നു. ദാമ്പത്യജീവിതം വിജയകരമാക്കുന്നു. ആരോഗ്യപരമായ ദീർഘായുസ്സു പ്രദാനം ചെയ്യുന്നു. പ്രകൃത്യാ മെലിഞ്ഞവരേയും പുഷ്ടിപ്പെടുത്തും.

റാത്തൽ ഒന്നിനു് ആറു രൂപാ മാത്രം. പാക്കിങ്ങുപോസ്റ്റേജ് പ്രത്യേകം.

മാനേജർ,

വിജയാ ഫാർമസി. H. O. തട്ടാരമ്പലം,

P. O. മാവേലിക്കര

ബ്രാഞ്ച്—പുതിയവിള. തിരുവിതാംകൂർ.

## മന്മഥചിന്താമണിലേഹ്യം

ഇതു് പുരുഷന്മാർക്കു് ധാതുസംബന്ധമായുണ്ടാകുന്ന എല്ലാവിധ രോഗങ്ങളേയും ഉന്മൂലനാശം ചെയ്തു് ശരീരത്തിനു് നല്ല ഓജസ്സും, തേജസ്സുമുണ്ടാക്കുന്നു. ധാതുക്ഷയത്താലോ മറേറതെങ്കിലും സുഖക്കേടുകളാലോ ശരീരം മെലിഞ്ഞു് കണ്ണുകുഴിഞ്ഞു് നടക്കാൻ പോലും ശക്തിയില്ലാതെ അസ്ഥിയും തൊലിയും മാത്രം ശേഷിച്ചു് മനസ്സിടിഞ്ഞു് കഷ്ടപ്പെടുന്നവർക്കു് ഇതൊരു ആപൽബന്ധുവാണു്. സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം, ധാതുക്ഷയം മുതലായ സുഖക്കേടുകളാൽ നിരാശപ്പെട്ടു് മനസ്സിടിഞ്ഞു ലജ്ജകൊണ്ടു വെളിയിൽ പറയാൻ മനസ്സില്ലാതെ വലയുന്നവർക്കു് ഇതൊരു ദിവ്യാമൃതമാണു്. പരീക്ഷിച്ചുനോക്കുവിൻ!! റാത്തൽ ഒന്നിനു് വില 4—8—0 ക്യാററ്ലോഗു് ഇനാം

**മദ്രാസ് മെഡിക്കൽഹാൾ പുത്തൻചന്ത**

**തിരുവനന്തപുരം**


Printed at the Powradhwany Press Kottayam, &Published by Anjihparampil KumaranatKottayam